بسم ا لله الرحمن الرحيم

تشرف بإعداد وترجمة هذا الكتاب

شعبة توعية الجاليات في الزلفي

مركز الدعوة والإرشاد في الزلفي

وزارة الشؤون الإسلامية والأوقاف والدعوة والإرشاد

الزلفي١١٩٣٢ - المنطقة الصناعية - ص.ب: ١٨٢

ت: ٠٦٤٢٢٥٦٥٧ - فاكس: ٤٢٢٤٢٣٤

തയ്യാർ ചെയ്തു പ്രസിദ്ധീകരിക്കുന്നത്:

ഫോറിനേഴ്സ് ഗൈഡൻസ് ഓഫീസ്,

പി.ബി. 182, അസ്-സുൽഫി-11932,

സുഊദി അറേബ്യ

ഫോൺ:064225657, ഫാക്സ്: 024224234

F.G.O, P.B. 182,Azzulfi-11932, K.S.A.

السيرة النبوية

أعده وترجمه للغة المليالم

شعبة توعية الجاليات بالزلفي

الطبعة الأولى: ١١/١٤٢٠ هـ.

ح شعبة توعية الجاليات بالزلفي، ١٤٢٠هـ
فهرسة مكتبة الملك فهد الوطنية أثناء النشر
شعبة توعية الجاليات بالزلفي
السيرة النبوية - الزلفي
٣٢ ص ؛ ١٢ × ١٧ سم
ردمك: ٣-٧٠-٨١٣-٩٩٦٠
(النص باللغة المليالم)
١- السيرة النبوية أ- العنوان
ديوي ٢٣٩ ٢٠/٣٧١٥

رقم الإيداع: ٢٠/٣٧١٥
ردمك: ٣-٧٠-٨١٣-٩٩٦٠

الصف والإخراج: **شعبة توعية الجاليات بالزلفي**

مختصر السيرة النبوية
നബിചരിത്രം

ജാഹിലിയ്യാ കാലം

അറബികളുടെ പ്രധാനമതം വിഗ്രഹാരാധനയായിരുന്നു. യഥാർത്ഥ മതത്തിൽ നിന്നും വ്യതിചലിച്ച് വിഗ്രഹാരാധനയിൽ മുഴുകിയതിനാൽ ആ ഇടവേളക്ക് ജാഹിലിയ്യ (അജ്ഞാന) കാലം എന്ന് പറയപ്പെടുന്നു. അവരുടെ പ്രധാന ദേവന്മാരായിരുന്നു ലാത്ത, ഉസ്സ, മനാത്ത, ഹുബ്ൽ. എന്നാൽ അറബികൾക്കിടയിൽ ജൂതന്മാരും, കൃസ്ത്യാനികളും, മജൂസികളും (അഗ്നിആരാധകർ) കാണപ്പെട്ടിരുന്നു. ഇബ്റാഹീം നബിയുടെ ഹനീഫിയ്യഃ മാർഗ്ഗം അവലംബിച്ചു ജീവിക്കുന്നവരും അൽപാൽപമായി ഉണ്ടായിരുന്നു. ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക അടിത്തറ നാൽകാലികൾ തന്നെയായിരുന്നു. പട്ടണ പ്രദേശങ്ങളിലെ സാമ്പത്തികം കച്ചവടത്തിലും കൃഷിയിലും അധിഷ്ഠിതമായിരുന്നു. ഇസ്ലാമിൻെറ രംഗപ്രവേശനത്തിനു അൽപം മുമ്പ് മക്ക, അറേബ്യൻ ദ്വീപിലെ മുഖ്യവ്യാപാര കേന്ദ്രമായി മാറിയിരുന്നു. അതുപോലെ മറ്റുപ്രദേശങ്ങളിലും നാഗരിക സംസ്കാരം നിലനിന്നിരുന്നു. സാമൂഹ്യരംഗം അക്രമത്തിൻെറ കൂത്തരങ്ങായിരുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരനും. പെൺകുട്ടികൾ ജീവനോടെ കുഴിച്ചു മൂടപ്പെട്ടിരുന്നു. മാന്യതകളെല്ലാം പിച്ചിച്ചീന്തപ്പെട്ടിരുന്നു. ശക്തൻെറ ഭക്ഷണം അശക്തൻെറ അവകാശങ്ങളായിരുന്നു. യാതൊരു പരിധിയുമില്ലാത്ത ബഹുഭാര്യത്വം. വ്യഭിചാരം സർവ്വവ്യാപിയായിരുന്നു. നിസ്സാര കാരണങ്ങൾക്കു വേണ്ടി ഗോത്രകലഹങ്ങൾ നീണ്ടുനിന്നിരുന്നു. ഇസ്ലാമിനു മുമ്പുള്ള അറേബ്യയുടെ ഒരു ലഘുവിവരണം മാത്രമാണിത്.

*രണ്ടുബലിദാനങ്ങളുടെ പുത്രൻ

ഖുറൈശികൾ അബ്ദുൽമുത്വലിബിൻെറ പേരിൽ അഭിമാനം

---

*ഞാൻ ബലിനൽകാൻ നിശ്ചയിക്കപ്പെട്ട രണ്ടുപേരുടെ സന്തതിയാണെന്ന് നബി (സ) പറഞ്ഞു.1-അബ്ദുല്ല.2- ഇസ്മാഈൽ നബി.

കൊള്ളുന്നവരായിരുന്നു. അദ്ദേഹത്തിൻെറ സമ്പത്തും സന്താനങ്ങ ളും അത്രമാത്രമായിരുന്നു. അല്ലാഹു എനിക്ക് പത്ത് ആൺമക്കളെ തന്നാൽ, അവരിൽ ഒരുവനെ ഞാൻ ദേവന്മാരുടെ പ്രീതിക്കായി ബലി നൽകുമെന്ന് അബ്ദുൽമുത്വലിബ് നേർച്ചനേർന്നു. ആഗ്ര ഹം സഫലമായി. പത്ത് ആൺമക്കളുണ്ടായി. ഒരാൾ അബ്ദുല്ല -ന ബിയുടെ പിതാവ്- ആയിരുന്നു. അബ്ദുൽമുത്വലിബ് നേർച്ച പൂർ ത്തീകരിക്കുവാൻ തന്നെ തീരുമാനിച്ചു. ജനങ്ങൾ അദ്ദേഹത്തെ അ തിൽ നിന്നും തടഞ്ഞു. ഭാവിയിൽ അതൊരു ചര്യയായി മാറാതിരി ക്കാൻ വേണ്ടി. അബ്ദുല്ലക്ക് പകരം പത്ത്ഒട്ടകങ്ങൾ, നറുക്കിട്ട് പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിച്ചു. നറുക്ക് അബ്ദുല്ലയുടെ പേരിൽ തന്നെ വീഴുകയാണെങ്കിൽ ഒട്ടകങ്ങൾ വർദ്ധിപ്പിക്കാനും നിശ്ചയിച്ചു. നറുക്കെടുപ്പ് തുടങ്ങി. പത്ത്വട്ടവും അബ്ദുല്ലയുടെ പേർ തന്നെകിട്ടി. നൂറാം വട്ടം ഒട്ടകത്തിൻെറ നറുക്ക് വീണു. അ ങ്ങനെ നൂറ് ഒട്ടകങ്ങൾ ബലിനൽകി.

അബ്ദുല്ല, അബ്ദുൽമുത്വലിബിൻെറ മാനസ പുത്രനായിരുന്നു. വിശിഷ്യാ പ്രായശ്ചിത്തത്തിനു ശേഷം. അബ്ദുല്ല യുവത്വത്തിലേ ക്ക് കാലൂന്നി, പുത്രൻ വലുതായി. പിതാവ് അദ്ദേഹത്തിന് ബനൂ സഹ്റ ഗോത്രത്തിൽ നിന്നും ഒരു പെൺകുട്ടിയെ കണ്ടെത്തി. വ ഹ്ബിൻെറ മകൾ ആമിന. അവളെ അബ്ദുല്ല വിവാഹം ചെ യ്തു. ജിവിത രംഗത്ത് അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിച്ചു കൊ ണ്ട് അബ്ദുല്ല മുന്നോട്ടു നീങ്ങി. ആമിന ഗർഭിണിയായി. മൂന്നു മാസങ്ങൾക്കു ശേഷം ഭർത്താവ് അബ്ദുല്ല ഒരുവർത്തക സംഘ ത്തിൻെറ കൂടെ ശാമിലേക്ക് പുറപ്പെട്ടു. മടക്കയാത്രയിൽ അബ് ദുല്ല രോഗഗ്രസ്തനായി. മദീനയിൽ, ബനൂനജ്ജാർ ഗോത്രക്കാ രായ അമ്മാവന്മാരുടെ അടുത്ത് തങ്ങി. അവിടെവച്ച് അബ്ദുല്ല മ രിച്ചു. അവിടെ മറവ് ചെയ്യപ്പെടുകയും ചെയ്തു. ഗർഭത്തിൻെറ കാലം പൂർത്തിയായി. പ്രസവ സമയം അടുത്തു. വേദന തുടങ്ങി. എന്നാൽ ആമിനക്ക് മറ്റു സ്ത്രീകളെപ്പോലെ കഠിനമായ വേദന അനുഭവപ്പെട്ടില്ല. ക്രൂസ്തബ്ദം 571 ലെ റബീഉൽ അവ്വൽ മാസം 12 തിങ്കളാഴ്ച പുലർച്ചെ ആമിന തൻെറ അരുമ മകനെ പ്രസ വിച്ചു. അത് ആനക്കലഹം നടന്ന വർഷത്തിലായിരുന്നു.

ആനക്കലഹം

അബിസീനിയ (എത്യോപ്യ) യിലെ രാജാവ് നജ്ജാശിയുടെ, യമനിലെ പ്രതിനിധി അബ്റഹതുൽ ഹബ്ശി അറബികൾ കഅ്ബയിലേക്ക് തീർത്ഥാടനം നടത്തുന്നത് കണ്ടു. അദ്ദേഹം യമനിലെ സൻആഇൽ ഒരുവലിയ ചർച്ച് പണികഴിപ്പിച്ചു. അറബികളുടെ തീർത്ഥ യാത്ര അതിലേക്ക് തിരിക്കാൻ അദ്ദേഹം ഉദ്ദേശിച്ചു. ബനൂ കിനാന എന്ന അറബി ഗോത്രക്കാരനായ ഒരാൾ ഈ വിവരമറിഞ്ഞു. അയാൾ രാത്രി ചർച്ചിൽ പ്രവേശിച്ചു. ചുമരുകൾ മലം കൊണ്ട് വൃത്തികേടാക്കി. ഈ വാർത്തയറിഞ്ഞ അബ്റഹത് രോഷം കൊണ്ടു. ഒരു പടുകൂറ്റൻ -അറുപതിനായിരം പടയാളികൾ- സൈന്യത്തെയും കൊണ്ട് കഅ്ബ തകർക്കാനായി പടനീക്കം ആരംഭിച്ചു. തനിക്ക് സ്വന്തം വാഹനമായി ഒരുവലിയ ഗജവീരനെ തെരഞ്ഞെടുത്തു. സൈന്യത്തിൽ ഒമ്പത് ഗജവീരന്മാർ ഉണ്ടായിരുന്നു. സൈനിക നീക്കം തുടർന്നു. മക്കയുടെ സമീപത്തെത്തി. അവിടെ വച്ച് സൈന്യത്തെ സർവ്വസന്നാഹരാക്കി. മക്കയിൽ പ്രവേശിക്കാൻ തയ്യാറെടുത്തു. പക്ഷെ ആനകൾ മുട്ടുകുത്തി. കഅ്ബയുടെ നേരെ ഒരടിപോലും മുന്നോട്ട് നീങ്ങിയില്ല. മറ്റുഭാഗങ്ങളിലേക്ക് തിരിക്കുമ്പോൾ ആനകൾ എഴുന്നേറ്റ് കുതിക്കുന്നു. കഅ്ബയുടെ നേരെ തിരിഞ്ഞാൽ മുട്ടുകുത്തുന്നു. അങ്ങിനെയിരിക്കെ, ചുട്ടുപഴുപ്പിച്ച കളിമൺ കല്ലുകൾ കൊണ്ട് അവരെ എറിയുന്ന, കൂട്ടം കൂട്ടമായിക്കൊണ്ടുള്ള പക്ഷികളെ അവരുടെ നേർക്ക് അല്ലാഹു അയച്ചു. അങ്ങനെ അവൻ അവരെ തിന്നൊടുക്കപ്പെട്ട വൈക്കോൽ തുരുമ്പു പോലെയാക്കി.

ഓരോ പക്ഷിയും മൂന്നു കല്ലുകൾവീതം കൊണ്ടുവന്നു. കൊക്കിൽ ഒന്നും, രണ്ടു കാലുകളിൽ ഓരോന്നും. കടല മണിയോളമുള്ള കല്ലുകൾ. കല്ലേറ്റവരുടെയെല്ലാം അവയവങ്ങൾ ഓരോന്നായി അറ്റുവീണ് നശിച്ചു. അവർ പിന്തിരിഞ്ഞോടി. വഴിയിൽ വീണു മരിച്ചു. അബ്റഹത്തിന് അല്ലാഹു ഒരുരോഗം നൽകി. രോഗം നിമിത്തം വിരലുകളെല്ലാം മുറിഞ്ഞുപോയി. സൻആയിൽ തിരിച്ചെത്തിയത് ഒരു പക്ഷിക്കുഞ്ഞിനെ പോലെയായിരുന്നു. അവിടെ വച്ച് അവനും മരിച്ചു. എന്നാൽ ഖുറൈശികൾ നാട്ടിൻപുറങ്ങളിലേക്ക് ചിതറിയോടി. സൈന്യത്തെ ഭയന്ന് മലമുകളിൽ അഭയംതേടി.

സൈന്യത്തിന് സംഭവിക്കേണ്ടതെല്ലാം സംഭവിച്ചു കഴിഞ്ഞപ്പോൾ, അവരും വീടുകളിലേക്ക് നിർഭയം മടങ്ങി. നബി (സ)യുടെ ജനനത്തിന് അമ്പതുദിവസം മുമ്പായിരുന്നു ഈ സംഭവം.

മുലകുടി

തങ്ങളുടെ കുട്ടികൾക്ക് ഗ്രാമീണ സ്ത്രീകളെക്കൊണ്ട് മുല കൊടുപ്പിക്കൽ അറബികളുടെ പതിവായിരുന്നു. നല്ലശാരീരിക വളർച്ച ലഭിക്കാൻ വേണ്ടിയായിരുന്നു അത്. നബി (സ) ജനിച്ച ആ നാളുകളിൽ കുട്ടികളെത്തേടി, ബനൂസഅ്ദ് ഗോത്രത്തിലെ ഒരുസംഘം സ്ത്രീകൾ മക്കയിലെത്തി. സ്ത്രീകൾ വീടുകൾ കയറിയിറങ്ങാൻ തുടങ്ങി. ആർക്കും മുഹമ്മദിനെ വേണ്ട. ദരിദ്രനും അനാഥയുമായ ഒരുശിശു. ഈ സംഘത്തിൽ ഹലീമ എന്ന സ്ത്രീയും ഉണ്ടായിരുന്നു. അവളും മറ്റുള്ളവരെപ്പോലെത്തന്നെ മുഹമ്മദിനെ അവഗണിച്ചു. പക്ഷെ എല്ലാ വീടുകളും ചുറ്റിക്കറങ്ങിയിട്ടും മുലകൊടുക്കാൻ ഒരുകുട്ടിയെ കിട്ടിയില്ല. അതിൻെറ കൂലികൊണ്ട് ജീവിതഭാരത്തിന് ഒരു തണികണ്ടെത്താമല്ലോ, എന്ന അവളുടെ അഭിലാഷം പൂവണിഞ്ഞില്ല. കാലമാണെങ്കിൽ ക്ഷാമത്തിലും വറുതിയിലും. അങ്ങനെ ഹലീമ ആമിനയുടെ വീട്ടിൽ തന്നെ തിരിച്ചെത്തി. കുറഞ്ഞ കൂലിക്ക് അനാഥ ശിശുവിനെക്കൊണ്ട് തൃപ്തിയടഞ്ഞു. ഹലീമ തൻെറ ഭർത്താവുമൊത്ത് മക്കയിലെത്തിയത് നടക്കാൻ വയ്യാത്ത ഒരു ചാവാളി കഴുതപ്പുറത്തായിരുന്നു. കുട്ടിയെ മടിയിലിരുത്തി ഹലീമ മടക്കയാത്ര ആരംഭിച്ചു. ആ കഴുത മറ്റുള്ളവയെ എല്ലാം പിന്നിലാക്കിക്കൊണ്ട് അതിവേഗം കുതിക്കുന്നു. സഹയാത്രികരെല്ലാം അൽഭുത പരതന്ത്രരായി നോക്കി നിൽക്കുന്നു. ഹലീമ തന്നെ പറയട്ടെ; അവളുടെ മുലയിൽ നിന്നും അധികമൊന്നും പാൽ ചുരത്തിയിരുന്നില്ല. അവളുടെ മുലകുടിക്കുന്ന കുട്ടി വിശപ്പുകൊണ്ട് കരയുകയായിരുന്നു. മുഹമ്മദ് അവളുടെ മുല ചപ്പിക്കുടിച്ചപ്പോൾ, അതിശക്തമായി പാൽ ചുരത്താൻ തുടങ്ങി. ബനൂസഅദ് പ്രദേശത്ത് അവളുടെഭൂമി വരണ്ടു കിടക്കുകയായിരുന്നു. ഈ ശിശുവിന് മുലകൊടുക്കാൻ തുടങ്ങിയപ്പോൾ അവളുടെ ഭൂമിയും, കന്നുകാലികളും ഫലഭൂയിഷ്ഠമായിരിക്കുന്നു. പട്ടിണിയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും, സുഖ -ഐശ്വര്യങ്ങളിലേക്ക് അവൾ

തന്നെ മാറിയിരിക്കുന്നു. ഹെലീമയുടെ കൂടെ രണ്ടുവർഷം മുഹെമ്മദ് താമസിച്ചു. ഹെലീമക്കാണെങ്കിൽ കുട്ടിയോട് അമിതമായ വാത്സല്യവും. ഈ അപൂർവ്വ സംഭവങ്ങൾ തന്നെ കാരണം. രണ്ടു വർഷങ്ങൾക്കു ശേഷം ഹെലീമ കുഞ്ഞിനെയും കൊണ്ട് മക്കയിലുള്ള മാതാവിൻെറയും, പിതാമഹൻെറയും അടുത്തെത്തി. ഈ ശിശു നിമിത്തം തനിക്കു ലഭിച്ച അനുഗ്രഹങ്ങൾ മനസ്സിലാക്കിയ ഹെലീമ, ഒരു പ്രാവശ്യംകൂടി കുട്ടിയെ തനിക്ക് വിട്ടുതരാൻ ആമിനയെ നിർബന്ധിച്ചു. ആമിന അത് സമ്മതിക്കുകയും ചെയ്തു. സൗഭാഗ്യവതിയും സന്തോഷ ഭരിതയുമായി ഹെലീമ കുട്ടിയെ കൊണ്ട് വീട്ടിലേക്ക് തിരിച്ചു.

നെഞ്ച് പിളർത്തുന്നു

മുഹെമ്മദിന് ഏകദേശം നാലു വയസ്സായി. വീട്ടിൽ നിന്നും അകലെയായി ഹെലീമയുടെ മകൻെറകൂടെ മുഹെമ്മദ് കളിച്ചു കൊണ്ടിരിക്കുന്നു. ഹെലീമയുടെ മകൻ വീട്ടിലേക്ക് ഓടിവരുന്നു. മുഖത്ത് പൊറുതി കേടും പാരവശ്യവും മുറ്റിനിൽക്കുന്നു. ഉമ്മയോട് തൻെറ ഖുറൈശി സഹോദരൻെറ അടുത്തേക്ക് പോകാൻ ആവശ്യപ്പെടുന്നു. ഉമ്മ കാര്യം അന്വേഷിച്ചു. മകൻ പറഞ്ഞു; ശുഭ്രവസ്ത്ര ധാരികളായ രണ്ടുപേരെ ഞാൻ കണ്ടു. ഞങ്ങളുടെ ഇടയിൽ നിന്നും അവർ അവനെ പിടിച്ചു. കുട്ടിയുടെ മുഖം ചുവന്നു തുടുക്കുകയാണ്. അത്യധികം വിവർണ്ണമാകുകയാണ്. എന്നിട്ടെന്തുണ്ടായി? ഉമ്മ ബേജാറോടെ ചോദിച്ചു. പ്രശ്നങ്ങളൊന്നും തന്നെ ഇല്ലെന്ന് മകൻ പ്രതിവചിച്ചു. തുടർന്ന് മകൻ സംഭവം വിവരിച്ചു. വെള്ളവസ്ത്ര ധാരികളായ രണ്ടുപേർ മുഹെമ്മദിനെ പിടിച്ചു. അവൻെറ മാറിടം പിളർത്തി. ഹൃദയം പുറത്തെടുത്തു. അതിൽനിന്നും ഒരു കറുത്ത രക്തപിണ്ഡം പുറത്തെറിഞ്ഞു. മഞ്ഞുവെള്ളം കൊണ്ട് ഹൃദയം കഴുകി. പിന്നീട് ഉള്ളിൽ തന്നെ വച്ചു. തുടർന്ന് അവർ നെഞ്ചിൽ ഒന്നുതടവി. അവർ സ്ഥലം വിട്ടു. അപ്രത്യക്ഷരായി. പിളർത്തപ്പെട്ട സ്ഥലം കണ്ടെത്താൻ ഹെലീമ ശ്രമിച്ചുനോക്കി. പക്ഷെ അവൾ ഒന്നും കണ്ടില്ല. അവൾ മുഹെമ്മദിനെയും കൊണ്ട് വീട്ടിലേക്ക്പോയി. അടുത്ത ദിവസം രാവിലെ ഹെലീമ കുട്ടിയെയും കൊണ്ട് മക്കയിലുള്ള മാതൃ സന്നിധിയിലെത്തി. അമിത

വാത്സല്യക്കാരി ഹെലീമയുടെ അസമയത്തുള്ള മടക്കം ആമിനയിൽ സംശയം ജനിപ്പിച്ചു. അവൾ കാരണമാരാഞ്ഞു. കുത്തിക്കുത്തി ചോദിച്ചപ്പോൾ ഹെലീമ നെഞ്ചു പിളർത്തപ്പെട്ട സംഭവം പറഞ്ഞു.

ആമിനയുടെ മരണം

ആമിന തൻെറ അനാഥ ശിശുവിനെയും കൊണ്ട് യഥ്രിബിലേക്ക് പോയി. ബനൂനജ്ജാർ ഗോത്രത്തിലെ, കുട്ടിയുടെ അമ്മാവന്മാരെ സന്ദർശിക്കാൻ. അവിടെ കുറച്ചു ദിവസം താമസിച്ചു. മടക്ക യാത്രയിൽ -അബ്വാഅ് എന്നസ്ഥലത്തു വച്ച്-ആമിന മരിച്ചു. അവിടെത്തന്നെ മറമാടപ്പെട്ടു. അങ്ങനെ നാലാമത്തെ വയസ്സിൽ മുഹെമ്മദിന് മാതാവും നഷ്ടപ്പെട്ടു. ഈ വലിയവിടവ് നികത്തൽ അബ്ദുൽമുത്വലിബിൻെറ ബാദ്ധ്യതയായി. അദ്ദേഹം കുട്ടിയെ സ്നേഹപൂർവ്വം സംരക്ഷിച്ചു. ലാളിച്ചുവളർത്തി. പക്ഷെ ആ ലാളന കൂടുതൽ നീണ്ടു നിന്നില്ല. ആറു വയസ്സായപ്പോൾ പിതാമഹനും അന്ത്യയാത്രയായി. തുടർന്ന് സംരക്ഷണ ചുമതല ഏറ്റെടുത്തത് പിതൃവ്യൻ അബൂത്വാലിബായിരുന്നു. അദ്ദേഹമാണെങ്കിൽ ഭാരിച്ച കുടുംബത്തിൻെറ ദരിദ്രനായകൻ. എന്നാലും പിതൃവ്യനും, ഭാര്യയും അദ്ദേഹത്തോട് സ്വന്തം കുട്ടിയോടെന്ന പോലെത്തന്നെ പെരുമാറി. ഈ അനാഥ ബാലൻ പിതൃവ്യൻെറ സ്നേഹ ഭാജനമായി മാറി. ഈ ചുറ്റുപാടിലാണ് വളർച്ചയുടെ സുപ്രധാനഘട്ടം ആരംഭിച്ചത്. സത്യസന്ധതയിലും, വിശ്വസ്തതയിലും വളർന്നു. അവ രണ്ടും അദ്ദേഹത്തിൻെറ രണ്ടു ഓമനപ്പേരുകളായി. പട്ടണത്തിൽ അൽഅമീൻ (വിശ്വസ്തൻ) എന്ന് പറയപ്പെട്ടാൽ അത് മുഹെമ്മദാണെന്ന് പരക്കെ പ്രസിദ്ധമായിരുന്നു.

യുവത്വം,വിവാഹം

യുവത്വത്തിലെത്തിയപ്പോൾ, സ്വന്തം ജീവിതാവശ്യങ്ങൾ നിറവേറ്റാനുള്ള ജോലികൾ ചെയ്തു തുടങ്ങി. മുഹെമ്മദ് ജോലിക്കും സമ്പാദ്യത്തിനുമായുള്ള യാത്രകൾ ചെയ്യാൻ തുടങ്ങി. ഒരു നിശ്ചിത കൂലിക്ക് ഖുറൈശികളിൽ ചിലരുടെ ആടുമേച്ചും ഉപജിവനം കഴിഞ്ഞു. ശാമിലേക്കുള്ള ഒരു കച്ചവട സംഘത്തിൽ ചേർന്നു. ഖുവൈലിദിൻെറപുത്രി ഖദീജയും ആ കച്ചവടത്തിൽ ധാരാളം പണം ഇറ

ക്കിയിരുന്നു. അവർ വലിയ ധനാഢ്യയായിരുന്നു. സംഘത്തിൽ അവരുടെ സ്വത്തിൻെറ മേൽനോട്ടം വഹിച്ചിരുന്നത് മയ്സിറഃ എന്ന അടിമയായിരുന്നു. മുഹെമ്മദിൻെറ വിശ്വസ്തതയും അനുഗ്രഹവും നിമിത്തം വമ്പിച്ച ലാഭംകിട്ടി. ഈ അത്യപൂർവ്വ ലാഭത്തെകുറിച്ച് അവർ മയ്സിറയോട് അന്വേഷിച്ചു. അബദുല്ലയുടെ മകൻ മുഹെമ്മദ് വസ്തുക്കളുടെ പ്രദർശനവും വിൽപനയും ഏറ്റെടുത്തിരുന്നു. ജനങ്ങൾ അദ്ദേഹത്തിൻെറ അടുത്ത് തടിച്ചുകൂടി. ലാഭം ന്യായമായി ലഭിച്ചതു തന്നെയാണ്. ഇതായിരുന്നു മയ്സിറയുടെ മറുപടി. മയ്സിറയുടെ വിശദീകരണം ഖദീജ ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു. അവൾക്കും മുഹെമ്മദിനെ കുറിച്ച് ചിലതെല്ലാം അറിയാമായിരുന്നു. ഖദീജയുടെ അദ്ഭുതം വർദ്ധിച്ചു. അവർ മുമ്പ് വിവാഹിതയായെങ്കിലും, ഭർത്താവ് മരിച്ച് വിധവയായിരുന്നു. പുതിയ ഒരു പരീക്ഷണത്തിന് ഖദീജ ഒരുങ്ങി. ഒരു പുതിയ ഭർത്താവിൻെറ കൂടെയുള്ള ജിവിതം. അബ്ദുല്ലയുടെ പുത്രൻ മുഹെമ്മദ്. ഇക്കാര്യത്തിൽ മുഹെമ്മദിൻെറ പ്രതികരണം അറിയുവാൻ തൻെറ ബന്ധുക്കളിൽ പെട്ട ഒരുത്തിയെ ഖദീജ അയച്ചു. മുഹെമ്മദിന് അന്ന് 25 വയസ്സായിരുന്നു. ഖദീജയുമായുള്ള വിവാഹാന്വേഷണവുമായി ആ സ്ത്രീവന്നു. മുഹെമ്മദിനും അതു ഇഷ്ടമായി. വിവാഹം നടന്നു. പരസ്പര സന്തോഷത്തോടെ കഴിഞ്ഞു. ഖദീജയുടെ സ്വത്തിൻെറ മേൽനോട്ടം മുഹെമ്മദ് ഏറ്റെടുത്തു. അതിൽ തനിക്കുള്ള കഴിവും പാടവവും അദ്ദേഹം തെളിയിച്ചു. ഖദീജ ഗർഭിണിയായി, പ്രസവിച്ചു. സൈനബ്, റുഖയ്യ, ഉമ്മുകുൽഥൂം, ഫാത്വിമ എന്നീ പെൺമക്കളും, ഖാസിം, അബ്ദുല്ല എന്നീ ആൺമക്കളും ജനിച്ചു. ആൺമക്കൾ ചെറുപ്പത്തിലേ മരിച്ചു.

പ്രവാചകത്വം

മുഹെമ്മദിന് നാൽപതുവയസ്സ് തികഞ്ഞു. മക്കയുടെ സമീപത്തുള്ള ഒരു മലയിൽ “ഹിറാ” എന്ന ഗുഹയിൽ അദ്ദേഹം ഏകാന്തവാസം തുടങ്ങി. രാപ്പകലുകൾ അവിടെ കഴിച്ചുകൂട്ടി. നാൽപ്പതു വയസ്സ് തികഞ്ഞ വർഷം റമദാനിൽ അവസാനത്തെ പത്തിൽ ഒരുരാവിൽ 21-ാം രാവ്, കൃസ്താബ്ദം 610 ആഗസ്റ്റ്10- ഹിറായിൽ ഇരിക്കെ, ജിബ്രീൽ എന്ന മാലാഖ അദ്ദേഹത്തെ സമീപിച്ച് പറഞ്ഞു;

വായിക്കുക. മുഹമ്മദ്: എനിക്ക് വായിക്കാനറിയില്ല. ജിബ്‌രീൽ രണ്ടു പ്രാവശ്യം ഇതുതന്നെ ആവർത്തിച്ചു. മുഹമ്മദ് മറുപടിയും ആവർത്തിച്ചു. മൂന്നാം പ്രാവശ്യം മാലാഖ പറഞ്ഞു:

﴿ اقْرَأْ بِسْمِ رَبِّكَ الَّذِي خَلَقَ، خَلَقَ الإِنْسَانَ مِنْ عَلَقٍ، اقْرَأْ وَرَبُّكَ الأَكْرَمُ، الَّذِي عَلَّمَ بِالْقَلَمِ، عَلَّمَ الإِنْسَانَ مَا لَمْ يَعْلَمْ ﴾

സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ച ഏറ്റവും വലിയ ഔദാര്യവാനാകുന്നു. (വി-ഖു.96:1-5).

മാലാഖ പിരിഞ്ഞു പോയി. നബി (സ) ക്ക് ഹിറായിൽ നിൽക്കാൻ സാധിച്ചില്ല. വീട്ടിലേക്ക് മടങ്ങി. പേടിച്ചരണ്ട ഹൃദയവുമായി ഖദീജയുടെ അടുക്കൽ വന്നു പറഞ്ഞു; എന്നെ പുതപ്പിക്കൂ, എന്നെ പുതപ്പിക്കൂ. അവർ അദ്ദേഹത്തെ പുതപ്പിട്ടുമൂടി. ഭയമെല്ലാം നീങ്ങി. സംഭവങ്ങളെല്ലാം ഖദീജയോട് പറഞ്ഞു. തൻെറ ജീവനെന്തെങ്കിലും അപകടം സംഭവിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു എന്നും പറഞ്ഞു. ഖദീജ പറഞ്ഞു; ഭയപ്പെടണ്ട, അല്ലാഹുവാണെ സത്യം, അല്ലാഹു നിങ്ങളെ അപമാനിക്കുകയില്ല. കാരണം താങ്കൾ കുടുംബ ബന്ധം ചേർക്കുന്നു, മറ്റുള്ളവർക്കു വേണ്ടി വിഷമം സഹിക്കുന്നു, ദരിദ്രരെ സഹായിക്കുന്നു, അതിഥിയെ സൽക്കരിക്കുന്നു, വിപൽ ഘട്ടങ്ങളിൽ ശരിയായ സഹായം ചെയ്യുന്നു. അൽപ ദിവസങ്ങൾക്കു ശേഷം ആരാധന തുടരാനും, റമദാൻ പൂർത്തിയാക്കാനും വേണ്ടി ഹിറായിലേക്ക് തന്നെ പോയി. റമദാൻ അവസാനിച്ചപ്പോൾ, ഹിറായിൽ നിന്നും ഇറങ്ങി മക്കയിലേക്ക് മടങ്ങി. വഴിയിൽ താഴ്‌വരയിൽ വച്ച് ജിബ്‌രീൽ വന്നു. ഇപ്രാവശ്യം ആകാശ ഭൂമികൾക്കിടയിൽ ഒരു ഇരിപ്പിടത്തിലാണ് ജിബ്‌രീൽ ഇരിക്കുന്നത്. തുടർന്ന് ഈ വചനങ്ങൾ ഇറങ്ങി:

﴿ يَا أَيُّهَا الْمُدَّثِّرُ، قُمْ فَأَنْذِرْ، وَرَبَّكَ فَكَبِّرْ، وَثِيَابَكَ فَطَهِّرْ، وَالرُّجْزَ فَاهْجُرْ﴾

ഹേ, പുതച്ചു മൂടിയ വനേ, എഴുന്നേറ്റു (ജനങ്ങളെ) താക്കീതു ചെയ്യുക. നിൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തുക. നിൻെറ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. (വി.ഖു-74: 1-5)

പിന്നീട് വഹ്‌യ് (ദിവ്യ സന്ദേശം) തുടർച്ചയായി വന്നു കൊണ്ടിരുന്നു.

പ്രവാചകൻ (സ) തൻെറ പ്രബോധനം ആരംഭിച്ചപ്പോൾ, പ്രിയ പത്നി വിശ്വാസത്തിൻെറ വിളിക്കുത്തരം ചെയ്തു. അവർ അല്ലാഹുവിൻെറ ഏകത്വവും, തൻെറ ഭർത്താവിൻെറ പ്രവാചകത്വവും സാക്ഷ്യപ്പെടുത്തി. അവരാണ് ഒന്നാമത്തെ മുസ്‌ലിം. മാതാവും പിതാമഹനും മരിച്ചപ്പോൾ തന്നെ ഏറ്റെടുത്ത പിതൃവ്യനോടുള്ള പരോപകാരമായി, നബി (സ) അബൂതാലിബിൻെറ മകൻ അലിയെ സ്വന്തം ചെലവിൽ വളർത്തി വരികയായിരുന്നു. ഈ അന്തരീക്ഷത്തിൽ അലി തൻെറ മനസ്സിൻെറയും, ചിന്തയുടെയും വാതിലുകൾ തുറന്നു. അലിയും വിശ്വസിച്ചു. തുടർന്ന് ഖദീജയുടെ അടിമ സൈദുബ്നു ഹാരിഥഃയും വിശ്വസിച്ചു. തൻെറ ഉറ്റചങ്ങാതി അബൂബകറിനോടും നബി (സ) ഇക്കാര്യം പറഞ്ഞു. അബൂബകർ നിസ്സങ്കോചം വിശ്വസിച്ചു.

നബി (സ) രഹസ്യ പ്രബോധനം തുടർന്നു. തൻെറ അനുയായികളും, പ്രബോധിതരും, ഇസ്‌ലാം സ്വീകരിക്കുന്നവരും ഒരുമിച്ചു കൂടുന്ന സ്ഥലം മാത്രമേ രഹസ്യമായിരുന്നുള്ളു. കുറേ പേർ വിശ്വസിച്ചു. പക്ഷെ അവരെല്ലാം തങ്ങളുടെ വിശ്വാസം ഗോപ്യമാക്കി വക്കുകയായിരുന്നു. ആരുടെയെങ്കിലും കാര്യം പരസ്യമായാൽ, സത്യനിഷേധികളിൽ നിന്നും അതികഠിനമായ പീഢനങ്ങൾ ഏൽക്കേണ്ടി വന്നിരുന്നു. ഇസ്‌ലാമിൽനിന്ന് മടങ്ങുവാൻ വേണ്ടിമാത്രം.

പരസ്യപ്രബോധനം

വ്യക്തികളിൽ മാത്രം ഒതുങ്ങിയ പ്രബോധനം മൂന്നു വർഷം പിന്നിട്ടു. അപ്പോൾ അല്ലാഹു കൽപിച്ചു:

﴿ فَاصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ الْمُشْرِكِينَ ﴾ (الحجر:٩٤)

അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ, അത് ഉറക്കെ പ്രഖ്യാപിച്ചു കൊള്ളുക. ബഹുദൈവ വാദികളിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക. (വി.ഖു-15:94)

ഒരു ദിവസം നബി(സ) സ്വഫാ കുന്നിൽ കയറി ഖുറൈശികളെ വിളിച്ചു. ഒരുവലിയ സമൂഹം ഒരുമിച്ചുകൂടി. അവരിൽ പിതൃവ്യൻ അബൂലഹബും ഉണ്ട്. അല്ലാഹുവിൻെറയും റസൂലിൻെറയും കൊടിയ ശത്രു. പ്രവാചകൻ ജനങ്ങളോട് ചോദിച്ചു; ഈ മലയുടെ പിന്നിൽ ഒരു ശത്രു നിങ്ങളെ അക്രമിക്കാൻ തക്കം പാർത്തിരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഞങ്ങൾക്ക് നിന്നെക്കുറിച്ച് വിശ്വസ്തതയും, സത്യവുമല്ലാതെ പരിചയമില്ലല്ലോ. ജനക്കൂട്ടം ഒന്നടങ്കം മറുപടി പറഞ്ഞു. പ്രവാചകൻ: എന്നാൽ ഒരു ഭയങ്കര ശിക്ഷയുടെ മുന്നോടിയായുള്ള മുന്നറിയിപ്പുകാരനാണ് ഞാൻ. തുടർന്ന് പ്രവാചകൻ അവരോട് അല്ലാഹുവിനെ മാത്രം ആരാധിക്കാനും, വിഗ്രഹാരാധന വെടിയാനും ആവശ്യപ്പെട്ടു. സദസ്സിൽ നിന്നും ഒരാൾ മാത്രം ചാടിഎണിറ്റു. അബൂലഹബ്. അയാൾ പറഞ്ഞു; നിനക്ക്നാശം, ഇതിനായിരുന്നോ നീ ഞങ്ങളെ ഒരുമിച്ചുകൂട്ടിയത്? അപ്പോൾ അല്ലാഹു ഖുർആൻ അവതരിപ്പിച്ചു:

﴿ تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ، مَا أَغْنَى عَنْهُ مَالُهُ وَمَا كَسَبَ، سَيَصْلَى نَارًا ذَاتَ لَهَبٍ وَامْرَأَتُهُ حَمَّالَةَ الْحَطَبِ، فِي جِيدِهَا حَبْلٌ مِّن مَّسَدٍ ﴾

(المسد)

അബൂലഹബിൻെറ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവൻെറ ധനമോ, അവൻ സമ്പാദിച്ചു വച്ചതോ അവന് ഉപകാരപ്പെട്ടില്ല. തീജ്വാലയുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകു ചുമട്ടുകാരിയായ അവൻെറ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും. (വി.ഖു-111:1-5)

മർദ്ദനം

നബി(സ) തൻെറദൗത്യം തുടർന്നു. ജനങ്ങൾ ഒരുമിച്ചു കൂടുന്ന

സ്ഥലങ്ങളിൽ വച്ചെല്ലാം അവരെ അദ്ദേഹം പരസ്യമായിത്തന്നെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. കഅ്ബയിൽ പോയി നമസ്കാരം നിർവ്വഹിച്ചുപോന്നു. നിഷേധികളിൽ നിന്നും വിശ്വാസികൾക്ക് ഉപദ്രവം വർദ്ധിച്ചു. യാസിർ, സുമയ്യ, അവരുടെ പുത്രൻ അമ്മാർ എന്നിവർ നിഷ്ഠൂരമായി പീഢിപ്പിക്കപ്പെട്ടു. അമ്മാറിൻെറ മാതാപിതാക്കൾ രണ്ടുപേരും രക്തസാക്ഷികളായി. സുമയ്യ ഇസ്‌ലാമിലെ പ്രഥമ രക്തസാക്ഷിയായി. അതും പൈശാചികമായ മർദ്ദനം ഏറ്റുവാങ്ങിക്കൊണ്ട്. അബിസീനിയക്കാരൻ ബിലാലുബ്നു റബാഹ്, അബൂജഹ്‌ലിൻെറയും ഉമയ്യത്തുബ്നു ഖലഫിൻെറയും പീഢനങ്ങൾക്ക് വിധേയനായി. അബൂബകർ മുഖേനയായിരുന്നു ബിലാൽ ഇസ്‌ലാമിലേക്ക് വന്നത്. യജമാനൻ ഉമയ്യത്ത് ഇതറിഞ്ഞു. പുതിയ മതം ഉപേക്ഷിക്കാൻ വേണ്ടി നാനാവിധ മർദ്ദന മുറകളും പയറ്റി നോക്കി. പക്ഷെ ബിലാൽ തൻെറ ആദർശത്തിൽ വാശിയോടെ പിടിച്ചു നിന്നു. ഉമയ്യത്ത്, ബിലാലിനെ ചങ്ങലയിൽ ബന്ധിച്ച് പട്ടണത്തിൻെറ വെളിയിലേക്ക് കൊണ്ടുപോയി. ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി. വലിയ ഒരുകല്ല് നെഞ്ചത്ത് കയറ്റിവച്ചു. ഉമയ്യത്തും കൂട്ടാളികളും ചേർന്ന് ചാട്ടവാർ കൊണ്ട് അടിച്ചു. വേദനകൊണ്ട് പുളയുന്ന ബിലാൽ ഉച്ചത്തിൽ പറഞ്ഞു; അഹദ്..........അഹദ്............അഹദ്. അബൂബകർ ഈ രംഗം കണ്ടു. ഉമയ്യത്തിൽ നിന്നും ബിലാലിനെ വിലക്കു വാങ്ങി. ദൈവ മാർഗ്ഗത്തിൽ സ്വതന്ത്രനാക്കി. പ്രവാചകനും അനുയായികളും അവരുടെ വിശ്വാസം പരസ്യപ്പെടുത്തുന്നത് തടയുക. അതായിരുന്നു ഈ ദണ്ഢന മുറകളുടെയെല്ലാം ആത്യന്തിക ലക്ഷ്യം.

അവർ രഹസ്യമായി പ്രവാചകൻെറ അരികിൽ ഒത്തുകൂടി. പരസ്യമായി സമ്മേളിച്ചാൽ, സംശയമില്ല, അദ്ദേഹത്തിൻെറ അദ്ധ്യാപന-നിർദ്ദേശങ്ങളുടെയും, ശ്രോദ്ധാക്കളുടെയും ഇടയിൽ ശത്രുക്കൾ വിഘ്നം സൃഷ്ടിക്കും. അത് പലപ്പോഴും ഇരുകൂട്ടരും തമ്മിലുള്ള സംഘട്ടനത്തിലാണ് കലാശിക്കുക. സംഘട്ടനമുണ്ടായാൽ മുസ്‌ലിംകളെ നശിപ്പിക്കാൻ ക്ഷിപ്രസാദ്ധ്യമാണല്ലോ. എണ്ണത്തിലും വണ്ണത്തിലും കുറഞ്ഞ ഒരുവിഭാഗം. ഒളിച്ചിരിക്കൽ പലതന്ത്രങ്ങളിൽ ഒന്നുമാത്രമായിരുന്നു. എന്നാൽ പ്രവാചകൻ (സ) ഈ ഉപദ്രവങ്ങളെല്ലാം സഹിച്ചുകൊണ്ട്, ബഹുദൈവ വിശ്വാസികൾക്കിടയിൽ പരസ്യ പ്രബോധനവും, ആരാധനകളും നിർവ്വഹിച്ചു മുന്നോട്ടുനീങ്ങി.

അബിസീനിയ ഹിജ്റ

ഇസ്ലാം പരസസ്യപ്പെടുത്തുന്നവരെ സത്യനിഷേധികൾ മർദ്ദിച്ചൊതുക്കിക്കൊണ്ടിരുന്നു. വിശിഷ്യാ അശക്തരെ. തങ്ങളുടെ ആദർശവും കൊണ്ട് അബിസീനിയ (എത്യോപ്യ)യിലേക്ക് ഹിജ്റ (പലായനം) ചെയ്യാൻ നബി (സ) തൻെറ അനുചരന്മാർക്ക് നിർദ്ദേശം നൽകി. അവിടെയുള്ള രാജാവിൽ നിന്നും അഭയം ലഭിക്കും. മുസ്ലിംകളാണെങ്കിൽ തങ്ങളും കുടുംബവും ഖുറൈശികളാൽ അപകടത്തിലാകുമെന്ന ഭയപ്പാടിൽ കഴിയുകയാണ്. പ്രവാചകത്വത്തിൻെറ അഞ്ചാം വർഷത്തിലായിരുന്നു അത്. എഴുപതോളം മുസ്ലിംകൾ കുടുംബ സമേതം ഹിജ്റപോയി. അവരിൽ ഉഥ്മാനുബ്നു അഫ്ഫാനും, ഭാര്യ-പ്രവാചകപുത്രി-റുഖയ്യയും ഉൾപ്പെട്ടിരുന്നു. അവിടത്തെ താമസവും പൊറുതി കെടുത്താൻ ഖുറൈശികൾ ശ്രമം നടത്തി. രാജാവിന് വിലപ്പെട്ട സമ്മാനങ്ങൾ അവർ കാണിക്കവെച്ചു. നാടുവിട്ടോടിയവരെ തിരിച്ചേൽപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഈസാ (അ) നബിയെയും മാതാവിനെയും ദുഷിച്ചു പറയുന്നവരാണ് മുസ്ലിംകൾ എന്നുവരെ അവർ പറഞ്ഞു നോക്കി. നജ്ജാശി മുസ്ലിംകളോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു. ഈസായെകുറിച്ച് ഇസ്ലാമിൻെറ കാഴ്ചപ്പാട് സത്യസന്ധമായി അവർ വെളിപ്പെടുത്തിയപ്പോൾ രാജാവ് അവർക്ക് അഭയം നൽകി. ഖുറൈശികളുടെ ആവശ്യം നിരസിച്ചു. ആ വർഷം തന്നെ റമദാനിൽ നബി (സ) ഹറമിലേക്കു പോയി. ഖുറൈശികൾ ഒരുസംഘം അവിടെയുണ്ടായിരുന്നു. അവരുടെയടുക്കൽ ചെന്ന് പെട്ടെന്ന്, സൂറത്തുന്നജ്മ് പാരായണം ചെയ്യാൻ തുടങ്ങി. അതിനു മുമ്പ് ഈ സത്യനിഷേധികൾ അല്ലാഹുവിൻെറ വചനം കേട്ടിരുന്നില്ല. പ്രവാചകൻെറ വചനങ്ങൾ ഒന്നും കേട്ടുപോകരുതെന്നാണല്ലോ അവരുടെ പരസ്പര ഉപദേശം. നബിയിൽ നിന്നും ഈ പാരായണം ഒഴുകിവരികയും, ദൈവിക വചനം അവരുടെ കർണ്ണപടങ്ങളിൽ തറക്കുകയും ചെയ്തപ്പോൾ അവരെല്ലാം സശ്രദ്ധം കേട്ടു. മറ്റൊന്നും അവർ ശ്രദ്ധിച്ചതേയില്ല. അങ്ങനെ പ്രവാചകൻ;

﴿ فاسجدوا لله واعبدوا ﴾ (النجم:٦٢)

(അതിനാൽ നിങ്ങൾ അല്ലാഹുവിന് പ്രണാമം ചെയ്യുകയും, (അവനെ) ആരാധിക്കുകയും ചെയ്യുവിൻ (വി.ഖു-53:62)

എന്നവാക്യം ഓതിക്കഴിഞ്ഞു സുജൂദ് ചെയ്തു. കേട്ടുനിന്നവരെല്ലാം സ്വയം നിയന്ത്രണം വിട്ടു. എല്ലാവരും സുജൂദിൽ വീണു. ഈ രംഗത്തിനു സാക്ഷികളാകാത്ത മുശ്‌രികുകൾ ഇവർക്കു നേരെ നാനാഭാഗത്തുനിന്നും ആക്ഷേപ ശരങ്ങൾ ഉതിർത്തു. ഗത്യന്തരമില്ലാതെ അവർ നബിയുടെ പേരിൽ ഒരുകളവ് പടച്ചുണ്ടാക്കി. തങ്ങളുടെ ദേവന്മാരെ മുഹമ്മദ് പുകഴ്ത്തി, അവരുടെ ശുപാർശ പ്രതീക്ഷിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇതായിരുന്നു ആ പ്രചരണം. അവർ ചെയ്ത സുജൂദിൽ നിന്നും തങ്ങളുടെ മുഖം രക്ഷപ്പെടുത്താൻ വേണ്ടി മാത്രമായിരുന്നു ഈ നുണപ്രചരണം.

ഉമർ ഇസ്‌ലാമിലേക്ക്

ഉമറിൻെറ ഇസ്‌ലാം ആശ്ളേഷണം മുസ്‌ലിംകൾക്ക് ഒരു വൻ സഹായമായിരുന്നു. പ്രവാചകൻ(സ) അദ്ദേഹത്തെ "അൽഫാറൂഖ്"- സത്യാസത്യവിവേചകൻ- എന്നാണ് നാമകരണം ചെയ്തത്. കാരണം അല്ലാഹു അദ്ദേഹം മുഖേന സത്യവും അസത്യവും വേർതിരിച്ചു. ഇസ്‌ലാം സ്വീകരിച്ച ശേഷം ഉമർ പ്രവാചകനോട് ചോദിച്ചു; പ്രവാചകരേ, നാം സത്യത്തിൽ തന്നെയല്ലേ? നബി: അതെ. ഉമർ: പിന്നെ എന്തിനാണീ ഒളിച്ചു ജീവിതം? പ്രവാചകനും, കൂടെ ദാറുൽ അർഖമിൽ ഉണ്ടായിരുന്ന മുസ്‌ലിംകളും രണ്ടുവരിയായി പുറത്തിറങ്ങി. ഓരോന്നിലും നായകന്മാരായി ഹംസയും ഉമറും മുന്നിലും. പ്രബോധന രംഗത്തെ തങ്ങളുടെ ശക്തി വിളിച്ചറിയിച്ചുകൊണ്ട് അവർ മക്കയിലെ രാജവീഥിയിലൂടെ നീങ്ങി.

ഖുറൈശികൾ മർദ്ദനമുറകൾ മാറിമാറി പ്രയോഗിച്ചു. താഢന, പീഢന, മർദ്ദന മുറകൾ, പ്രലോഭനങ്ങൾ, പ്രകോപനങ്ങൾ. പക്ഷെ ഇവയെല്ലാം സത്യവിശ്വാസികളുടെ വിശ്വാസവും, ആദർശ പ്രതിബദ്ധതയും പതിൻമടങ്ങ് വർദ്ധിപ്പിച്ചതേയുള്ളൂ.

ബഹിഷ്കരണം

ഖുറൈശികളുടെ വക്രബുദ്ധിയിൽ ഒരുപുതിയ ആശയം രൂപം കൊണ്ടു. മുസ്‌ലിംകൾക്കും ബനൂഹാശിമിനുമെതിരെ ബഹിഷ്കരണം പ്രഖ്യാപിക്കുന്ന ഒരു പത്രിക തയ്യാറാക്കുക. എല്ലാവരും ഒപ്പിട്ട ശേഷം കഅ്ബയിൽ തൂക്കിയിടുക. കൊള്ളക്കൊടുക്കകളില്ല,

വിവാഹബന്ധങ്ങളില്ല, പരസസ്പര സഹകരണമില്ല, എടവാടുകൾ പാടില്ല. സമ്പൂർണ്ണമായ ഊരുവിലക്ക്. മുസ്‌ലിംകൾ ഗതിമുട്ടി. മക്കയിലെ "ശഅ്ബു അബീത്വാലിബ്" എന്ന താഴ്‌വരയിലേക്ക് പോയി. മുസ്‌ലിംകൾ വളരെയധികം കഷ്ടപ്പെട്ടു. വിഷപ്പു കൊണ്ട് പൊറുതിമുട്ടി. കഴിവുള്ളവർ തങ്ങളുടെ ഭൂരിഭാഗം സമ്പത്തും ചെലവഴിച്ചു. ഖദീജ (റ) തൻെറ സമ്പത്ത് മുഴുവൻ ചെലവഴിച്ചു. രോഗങ്ങൾ അവരിൽ പടർന്നുപിടിച്ചു. പലരും മരണത്തിൻെറ വക്കോളമെത്തി. എന്നാലും അവർ ധൈര്യപൂർവ്വം ക്ഷമിച്ചുനിന്നു. ഒരാളും തൻെറ ആദർശത്തിൽ നിന്നും പിറകോട്ട് തിരിഞ്ഞു നോക്കിയതു പോലുമില്ല.

ബഹിഷ്കരണം മൂന്നുവർഷം നീണ്ടുനിന്നു. ബനൂഹാശിമുമായി ബന്ധമുണ്ടായിരുന്ന ചില ഖുറൈശി പ്രമുഖർ പ്രസ്തുത പത്രിക പിച്ചിച്ചീന്താൻ ഒരുങ്ങി. നേതാക്കളോടവർ ഇക്കാര്യം പരസ്യമായി തന്നെ പറയുകയും ചെയ്തു. പത്രിക പുറത്തെടുക്കപ്പെട്ടു. ഒരു ചെറിയ കഷ്ണമല്ലാത്തതെല്ലാം ചിതൽതിന്നു നശിപ്പിച്ചിരുന്നു. അതും "ബിസ്മികല്ലാഹുമ്മ" (അല്ലാഹുവേ, നിൻെറ നാമത്തിൽ) എന്നെഴുതിയ ഭാഗം. വിഷമം നീങ്ങി. മുസ്‌ലിംകളും ബനൂഹാശിം കുടുംബവും മക്കയിലേക്ക് മടങ്ങി. പക്ഷെ ഖുറൈശികൾ മുസ്‌ലിംകളോടുള്ള ശത്രുതയിൽ തന്നെ കഴിഞ്ഞു.

ദുഃഖവർഷം

രോഗം അബൂത്വാലിബിലേക്ക് അരിച്ചരിച്ചുവന്നു. വൈകാതെ തന്നെ ശയ്യാവലംബിയായി മാറി. മരണം വന്നടുത്തിരിക്കുന്നു. മരിക്കും മുമ്പ് "ലാഇലാഹഇല്ലല്ലാഹ്" പറയുമെന്ന അടങ്ങാത്ത ആഗ്രഹത്തോടെ നബി (സ) പിതൃവ്യൻെറ തലക്കരികിൽ നിന്നു. അബൂജഹ്‌ലിൻെറ നേതൃത്വത്തിൽ, നാശത്തിൻെറ വക്താക്കൾ അദ്ദേഹത്തെ അതിൽ നിന്നും തടയാനും ശ്രമിച്ചു. താങ്കളുടെ പിതാക്കളുടെയും, പ്രപിതാക്കളുടെയും മതം താങ്കൾ ഉപേക്ഷിക്കരുതെന്ന് അവർ പറഞ്ഞു കൊണ്ടിരുന്നു. പിതൃവ്യൻ ശിർക്കിലായിക്കൊണ്ട് തന്നെ മരിച്ചു. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കാതെ മരിച്ചതിൽ നബി (സ) യുടെ ദുഃഖം ഇരട്ടിയായി. പിതൃവ്യൻെറ മരണശേഷം രണ്ടു മാസം കഴിഞ്ഞില്ല. പ്രിയപത്നി ഖദീജഃ (റ) യും മൃതിയടഞ്ഞു.

പ്രവാചകൻ (സ) അതിയായ ദുഃഖിതനായി. ഈ രണ്ടുപേരുടെയും മരണത്തിനു ശേഷം ശത്രുക്കളുടെ മർദ്ദനങ്ങൾക്ക് ശക്തികൂടി.

ത്വാഇഫിലേക്ക്

മുസ്ലിംകൾക്കു നേരെയുള്ള ഖുറൈശികളുടെ അതിക്രമം തുടർന്നു. പ്രവാചകന് ഖുറൈശികളെ കുറിച്ചുള്ള ശുഭാപ്തി വിശ്വാസം നഷ്ടപ്പെട്ടു. തന്റെ പ്രബോധന മേഖല ത്വാഇഫിലേക്ക് മാറ്റിയാലോ എന്നദ്ദേഹം ആലോചിച്ചു. അവരെ അല്ലാഹു ഇസ്ലാമിലേക്ക് കൊണ്ടുവന്നാലോ. ത്വാഇഫിലേക്കുള്ള യാത്ര, അതത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. മലകളാൽ വലയം ചെയ്യപ്പെട്ട ത്വാഇഫിലേക്കുള്ള വഴി ദുർഘടം നിറഞ്ഞതാണ്. പക്ഷെ ദൈവമാർഗ്ഗത്തിൽ ഏതു ബുദ്ധിമുട്ടും അനായാസമായിത്തീരുമല്ലോ. എന്നാൽ ത്വാഇഫുകാരും വളരെ മോശമായാണ് പ്രതികരിച്ചത്. കുട്ടികളെ വിട്ടു കൂക്കിവിളിച്ചും കല്ലെറിയിച്ചും. തിരുപാദങ്ങളിൽ നിന്നും രക്തം വാർന്നൊഴുകി. ഖിന്നനായി മക്കയിലേക്ക് തന്നെ മടങ്ങി. വഴിയിൽ വച്ച് ജിബ്രീൽ അദ്ദേഹത്തെ സമീപിച്ചു. കൂടെ പർവ്വതങ്ങളുടെ ചുമതലയുള്ള മലക്കും. ജിബ്രീൽ നബിയെ വിളിച്ചു പറഞ്ഞു; അല്ലാഹു പർവ്വതങ്ങളുടെ മലക്കിനെ താങ്കളിലേക്ക് അയച്ചിരിക്കുന്നു. താങ്കൾക്കിഷ്ടമുള്ളത് അദ്ദേഹത്തോട് കൽപിക്കാം. പർവ്വതങ്ങളുടെ മലക്ക് പറഞ്ഞു; മുഹമ്മദേ, താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ, മക്കയിലെ ആ രണ്ടു പർവ്വതങ്ങൾ ഞാൻ അവരുടെ മേൽ കൂട്ടിയിടിപ്പിക്കാം. പ്രവാചകൻ (സ) പറഞ്ഞു: വേണ്ട, അല്ലാഹു അവരിൽ നിന്നും, യാതൊന്നിനെയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്ന ഒരു തലമുറയെ ഉണ്ടാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ചന്ദ്രൻ പിളരുന്നു

മുശ്രികുകൾ പ്രവാചകനോട് കുതർക്കങ്ങളിൽ ഏർപ്പെട്ടു. നബിയെ പരാജയപ്പെടുത്താൻ അദ്ദേഹത്തോട് ദൃഷ്ടാന്തങ്ങൾ ചോദിച്ചു. ഒരിക്കലല്ല, പലവട്ടം. ഒരിക്കൽ ചന്ദ്രൻ പിളർത്തി കാണിക്കാൻ അവർ ആവശ്യപ്പെട്ടു. നബി (സ) തന്റെ നാഥനോട് പ്രാർത്ഥിച്ചു. ചന്ദ്രൻ രണ്ടു പിളർപ്പായി അവർക്കു കാണിച്ചു കൊടുത്തു.

ദീർഘനേരം ഖുറൈശികൾ ഈ ദൃഷ്ടാന്തത്തിനു ദൃക്സാക്ഷിക ളായി. എന്നിട്ടും അവർ വിശ്വസിച്ചില്ല. അവർ അവരുടെ പഴയ പ ല്ലവി ആവർത്തിച്ചു. മുഹമ്മദ് നമ്മളെയെല്ലാം ജാലവിദ്യ കൊണ്ട് മയക്കിയതാണ്. കൂട്ടത്തിൽ ഒരാൾ ചോദിച്ചു; മുഹമ്മദ് നിങ്ങളെ മയക്കിയതാണെങ്കിൽ, മുഴുവൻ ജനങ്ങളെയും മയക്കുവാൻ പറ്റു മോ? അവർ യാത്രക്കാരെ കാത്തുനിന്നു. യാത്രക്കാർ വന്നപ്പോൾ അവരോട് ചോദിച്ചു. അവർപറഞ്ഞു: അതെ ചന്ദ്രൻ പിളർന്നത്, ഞങ്ങളും കണ്ടു. എന്നിട്ടും ഖുറൈശികൾ അവരുടെ നിഷേധത്തി ൽ നിന്നു പിന്മാറിയില്ല. ചന്ദ്രൻ പിളർന്നത് വരാനിരിക്കുന്ന ഒരു മ ഹാദൃഷ്ടാന്തത്തിൻെറ മുന്നോടിയായിരുന്നു. അതായിരുന്നു ഇസ് റാഉം മിഅ്റാജും.

ഇസ്റാഅ്, മിഅ്റാജ്

അബുത്വാലിബും, ഖദീജയും മരിച്ചു. ശത്രുക്കളുടെ മർദ്ദനം അതി കഠിനമായി. ത്വാഇഫിൽ നിന്നും കയ്പേറിയ അനുഭവങ്ങ ളുണ്ടായി. പ്രവാചകൻെറ മനസ്സിൽ വ്യഥകൾ ഉരുണ്ടുകൂടി. ത ൻെറ നാഥൻെറ പക്കൽനിന്നുള്ള സാന്ത്വനമതാ വരുന്നു. പ്രവാച കത്വത്തിൻെറ പത്താം വർഷത്തിൽ റജബ് 27-ാംരാത്രി നബി (സ) സുഖനിദ്രയിലാണ്ടു. ജിബ്രീൽ അദ്ദേഹത്തിൻെറയടുക്കൽ വന്നു. കൂടെ ബുറാഖും ഉണ്ട്. കുതിരയെപ്പോലെയുള്ള ഒരു മൃഗമായിരു ന്നു അത്. അതിന് രണ്ട് ചിറകുകളുണ്ട്. മിന്നൽ വേഗതയിൽ അ ത് സഞ്ചരിക്കുന്നു. പ്രവാചകനെ അതിൻെറ പുറത്ത് കയറ്റിയി രുത്തി. ഫലസ്ത്വീനിലെ ബൈതുൽ മഖ്ദിസിലേക്കാണ് നേരെ പോയത്. അവിടെ നിന്നും ആകാശാരോഹണം ഉണ്ടായി. തൻെറ നാഥൻെറ മഹത്തായ ദൃഷ്ടാന്തങ്ങൾ ദർശിച്ചു. വാനലോകത്തു വച്ച് അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാക്കപ്പെട്ടു. അന്നു രാത്രിതന്നെ മക്കയിൽ തിരിച്ചെത്തി. നേരം പുലർന്നു. പ്രവാചകൻ നേരെ കഅ്ബയിലെത്തി. രാത്രി സംഭവിച്ച കാര്യങ്ങൾ ഓരോന്നാ യി ജനങ്ങളോട് പറയാൻ തുടങ്ങി. കാഫിറുകളുടെ നിഷേധവും പരിഹാസവും വർദ്ധിച്ചു. സദസ്യരിൽ ഒരാൾ ബൈതുൽ മഖ്ദിസി നെ വർണ്ണിക്കാൻ ആവശ്യപ്പെട്ടു. നബിയെ ഉത്തരം മുട്ടിക്കുക എ ന്നതായിരുന്നു ലക്ഷ്യം. പക്ഷെ പ്രവാചകൻ (സ) ഓരോ ഭാഗങ്ങളാ

യി വർണ്ണിച്ചു കൊടുത്തു. ഈ ചോദ്യങ്ങൾ കൊണ്ടൊന്നും മുശ്രി കുകൾ മതിയാക്കിയില്ല. ഞങ്ങൾക്കു വേറെ തെളിവുകളാണാവ ശ്യം എന്നവർ പറഞ്ഞു. നബി (സ) പറഞ്ഞു; മക്കയെ ലക്ഷ്യമാക്കി ഒരു കച്ചവടസംഘം മടങ്ങി വരുന്നത് ഞാൻ കണ്ടു. അതിനെ കുറിച്ചുള്ള വിശദവിവരം നബി (സ) അവർക്കു നൽകി. അതിലു ള്ള ഒട്ടകങ്ങളുടെ എണ്ണം, തിരിച്ചെത്തുന്ന സമയം ഇതെല്ലാം പറ ഞ്ഞു കൊടുത്തു. പ്രവാചകൻെറ വിശദീകരണം സത്യമായി പുലർ ന്നു. എന്നാലും കാഫിറുകൾ അവരുടെ നിഷേധത്തിലും, ശത്രുത യിലും തന്നെ ഉറച്ചുനിന്നു. രാപ്രയാണത്തിൻെറ അടുത്ത ദിവസം ജിബ്രീൽ വന്നു. അഞ്ചു നേരത്തെ നമസ്കാരവും, അവയുടെ കൃത്യ സമയങ്ങളും പ്രവാചകനു പഠിപ്പിച്ചു കൊടുത്തു. അതിനു മുമ്പ് നമസ്കാരം രണ്ടുനേരം മാത്രമായിരുന്നു. കാലത്തും വൈ കിട്ടും രണ്ടു റക്അത്ത്വീതം.

ഇസ്ലാം മദീനയിലേക്ക്

ആ നാളുകളിൽ നബി മക്കയിൽ വരുന്നവരിൽ ശ്രദ്ധ കേന്ദ്രീ കരിച്ചു. അവരെ സത്യത്തിൽ നിന്നും തടയാൻ ഖുറൈശികളും കിണഞ്ഞു ശ്രമിച്ചു. കൂടാരങ്ങളിൽ വച്ച്, വിശ്രമ സ്ഥലങ്ങളിൽ വ ച്ചെല്ലാം നബി (സ) ആൾക്കാരുമായി മുഖാമുഖം നടത്തി. ഇസ്ലാ മിനെ കുറിച്ച് വിശദമായി പ്രബോധനം നടത്തി. അദ്ദേഹത്തിൻെറ പ്രബോധനത്തെ കുറിച്ച് താക്കീത് നൽകിക്കൊണ്ട് പിതൃവ്യൻ അ ബൂലഹബ് പിന്നാലെയും. ഒരിക്കൽ യഥ്രിബിൽ നിന്നും വന്ന ഒ രു സംഘത്തെ കണ്ടുമുട്ടി. അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. അ വരദ്ദേഹത്തിലേക്ക് ചെവികൊടുത്തു. അദ്ദേഹത്തിൽ വിശ്വസിക്കാ നും, പിൻപറ്റാനും അവർ ഏകോപിച്ചു തീരുമാനിച്ചു. അടുത്തു ത ന്നെ ഒരു പ്രവാചകൻ നിയോഗിതനാകുമെന്ന വിവരം യഥ്രിബു കാർ ജൂതരിൽ നിന്നും കേട്ടറിഞ്ഞിരുന്നു. നബി (സ) അവരെ ക്ഷ ണിച്ച മാത്രയിൽ അവർ മനസ്സിലാക്കി; ജൂതന്മാർ പറയുന്ന നബി ഇതു തന്നെ. അവർ പെട്ടെന്ന് ഇസ്ലാം സ്വീകരിച്ചു. ജൂതന്മാർ തങ്ങളെ അതിൽ മുൻകടക്കരുതെന്ന വാശിയും അവർക്കുണ്ടായി രുന്നു. അവർ ആറുപേരായിരുന്നു. അടുത്ത വർഷം പന്ത്രണ്ടുപേർ വന്നു നബിയുടെ അടുത്ത് സമ്മേളിച്ചു. നബി (സ) അവർക്ക്

ഇസ്ലാം പഠിപ്പിച്ചു കൊടുത്തു. മടങ്ങുമ്പോൾ അവരുടെ കൂടെ യഥ്രിബിലേക്ക് മുസ്അബുബ്നു ഉമൈറിനെയും അയച്ചു. ഖുർആനും, ഇസ്ലാമും അവർക്കു പഠിപ്പിക്കാൻ വേണ്ടി. യഥ്രിബിൽ മുസ്അബിന് നല്ല സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു. അടുത്ത വർഷം അദ്ദേഹം മക്കയിൽ വന്നപ്പോൾ എഴുപത്തിരണ്ടു പുരുഷന്മാരും രണ്ടു സ്ത്രീകളും കൂടെയുണ്ടായിരുന്നു. നബിയെയും അദ്ദേഹത്തിന്റെ മതത്തെയും സഹായിക്കാമെന്നവർ കരാർ ചെയ്തു. അവർ മദീനയിലേക്ക് മടങ്ങി.

മദീന ഹിജ്റ

സത്യത്തിനും അതിന്റെ ആൾക്കാർക്കുമുള്ള അഭയകേന്ദ്രമായി മദീന മാറിക്കൊണ്ടിരിക്കുന്നു. മുസ്ലിംകൾ അങ്ങോട്ട് ഹിജ്റ പോകാൻ തുടങ്ങി. ഖുറൈശികൾ മുസ്ലിംകളെ തടയുവാനും തീരുമാനിച്ചു. ഹിജ്റ പുറപ്പെട്ട പലരും മർദ്ദനങ്ങൾക്കും പീഢനങ്ങൾക്കും ഇരയായി. ഖുറൈശികളെ ഭയന്ന് പലരും രഹസ്യമായി ഹിജ്റ പോയി. ഉമറുബ്നുൽ ഖത്വാബിന്റെ ഹിജ്റ ധൈര്യത്തിന്റെയും, വെല്ലുവിളിയുടെയും ഒരുദൃഷ്ടാന്തമായി മാറി. അദ്ദേഹം വാളും അസ്ത്രവും അണിഞ്ഞു, കഅ്ബയിലെത്തി ത്വവാഫ് ചെയ്തു. മുശ്രികുകളുടെ നേരെ തിരിഞ്ഞു നിന്ന് അദ്ദേഹം പ്രഖ്യാപിച്ചു; "ഭാര്യയെ വിധവയാക്കാൻ ഉദ്ദേശിക്കുന്നവരുണ്ടെങ്കിൽ, മക്കളെ അനാഥരാക്കാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ എന്റെ അടുത്തേക്ക് വന്നോളൂ. ഞാനിതാ ഹിജ്റ പോകുകയാണ്". അദ്ദേഹം ഇറങ്ങിനടന്നു. ഒരാളും ഉമറിനെ തടയാൻ മുന്നോട്ടു വന്നില്ല. അബൂബകർ സിദ്ദീഖ് നബിയോട് സമ്മതം ചോദിച്ചു. നബി (സ) പറഞ്ഞു: നിങ്ങൾ ധൃതിപ്പെടാതെ, നിങ്ങൾക്ക് അല്ലാഹു ഒരു കൂട്ടുകാരനെ തന്നേക്കാം. മുസ്ലിംകളിൽ അധികപേരും ഹിജ്റപോയി. ഇതു കണ്ട ഖുറൈശികൾക്ക് ഭ്രാന്തുപിടിച്ചു.

വധോദ്യമം

മുഹമ്മദും അവന്റെ ദൗത്യവും വളരുന്നത് അവർ ഭയപ്പെട്ടു. അവർ കൂടിയാലോചന നടത്തി. നബി (സ) യെ കൊല്ലാൻ അവർ തീരുമാനിച്ചു. അബൂജഹ്ൽ പറഞ്ഞു; നമ്മുടെ ഓരോ

വീട്ടിലെയും ഓരോ യുവാവിനും വാൾനൽകുക. അവർ മുഹമ്മദിനെ വളഞ്ഞ് എല്ലാവരും കൂടി ഒറ്റവെട്ടിന് കൊല്ലട്ടെ. അപ്പോൾ അവൻെറ രക്തത്തിൻെറ ബാദ്ധ്യത എല്ലാ വീട്ടുകാരിലും ആയിത്തിരും. ബനൂഹാശിമിന് ഈ ജനങ്ങളോട് മുഴുവൻ ശത്രുത പുലർത്താൻ ശക്തി കാണില്ല. ഈ ഗൂഢാലോചന അല്ലാഹു നബിയെ അറിയിച്ചു. അബൂബകറിൻെറ കൂടെ ഹിജ്റ പോകാൻ നബി (സ) തീരുമാനിച്ചു. അന്നുരാത്രി നബിയുടെ വിരിപ്പിൽ ഉറങ്ങാൻ അലിയോട് നിർദ്ദേശിച്ചു. നബി വീട്ടിലുണ്ടെന്ന് മറ്റുള്ളവർ വിചാരിക്കാൻ വേണ്ടി. യാതൊന്നും പേടിക്കേണ്ടതില്ലെന്നും പറഞ്ഞു. ഗുണ്ടാസംഘം വീടുവളഞ്ഞു. വിരിപ്പിൽ ഒരാൾ ഉറങ്ങുന്നത് കണ്ടു. മുഹമ്മദ് തന്നെയാണെന്നവർ വിചാരിച്ചു. പുറത്തു വരുന്നതും കാത്തിരിപ്പായി. എന്നിട്ട് വേണം കൊന്നു കഥകഴിക്കുവാൻ. അവർ വീടുവളഞ്ഞു നിൽക്കെ നബി വീട്ടിൽ നിന്നും പുറത്തിറങ്ങി. ഒരു പിടി മണ്ണുവാരി അവരുടെ തലക്കുമീതെ എറിഞ്ഞു. അല്ലാഹു അവരുടെ കണ്ണുകൾ കെട്ടിക്കഴിഞ്ഞു. അവരാരും നബിയെ അറിഞ്ഞതേയില്ല. നബി (സ) അബൂബകറിൻെറ അടുത്തെത്തി.

ഥൗർഗുഹയിൽ

ഏകദേശം അഞ്ചുമൈൽ രണ്ടാളും സഞ്ചരിച്ചു. 'ഥൗർ' ഗുഹയിൽ കയറി ഒളിച്ചിരുന്നു. ഖുറൈശി യുവാക്കൾ നേരം പുലരും വരെ കാത്തിരുന്നു. നേരം പുലർന്നപ്പോൾ നബിയുടെ വിരിപ്പിൽ നിന്നും അലി എഴുന്നേറ്റു വന്നു. അപ്പോളാണവർക്ക് അമളി പറ്റിയെന്ന് മനസ്സിലായത്. നബിയെ കുറിച്ച് അവർ അലിയോട് ചോദിച്ചു. അലി ഒന്നും പറഞ്ഞില്ല. അലിയെ അവർ പിടിച്ചു തള്ളി, അടിച്ചു. സാരമായൊന്നും ചെയ്തില്ല. നാനാഭാഗത്തേക്കും ഖുറൈശികൾ അന്വേഷകരെ അയച്ചു. പാരിതോഷികം പ്രഖ്യാപിച്ചു. ജീവനോടെ മുഹമ്മദിനെ കൊണ്ടു വരുന്നവർക്ക് -അല്ല, മയ്യിത്ത് കൊണ്ടു വന്നാലും മതി- നൂറു ഒട്ടകം. അന്വേഷണ സംഘം ഗുഹാമുഖത്തുമെത്തി. കീഴ്പോട്ട് നോക്കിയാൽ രണ്ടാളെയും കണ്ടതു തന്നെ. അബൂബകറിൻെറ വിഷമം വർദ്ധിച്ചു. നബി (സ) അദ്ദേഹത്തോട് ചോദിച്ചു; **"രണ്ടാൾക്കാർ, അവരുടെ കൂടെ മൂന്നാമനായി അല്ലാഹു ഉണ്ട്. അവരെ കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു അബൂബകർ? വിഷമിക്കാതിരിക്കൂ, അല്ലാഹു നമ്മുടെകൂടെയുണ്ട്".**

അന്വേഷണ സംഘം അവരെ കണ്ടതേയില്ല. മൂന്നുദിവസം ഗുഹ യിൽ കഴിച്ചുകൂട്ടി. പിന്നെ മദീനയിലേക്ക് പുറപ്പെട്ടു. വഴിയാണെ ങ്കിൽ അതിദീർഘം. മുകളിൽ കത്തുന്ന സൂര്യൻ. രണ്ടാം ദിവസം അവർ ഒരു വീട്ടിന്റെ അടുത്തെത്തി. അകത്ത് ഒരുസ്ത്രീ ഇരിപ്പു ണ്ട്. ഉമ്മു മഅ്ബദ്. അവരോട് അൽപം ഭക്ഷണം ആവശ്യപ്പെട്ടു. അവരുടെ പക്കൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മെലിഞ്ഞൊട്ടിയ ഒരാട് മാത്രമുണ്ടവിടെ. മേഞ്ഞുനടക്കാൻ പോകാൻ വയ്യാത്ത്ര ദു ർബല. ഒരുതുള്ളി പാലു പോലുമില്ല. നബി (സ) അതിനെ സമീപി ച്ചു അകിടൊന്ന് തടവി. കറന്നു നോക്കിയപ്പോൾ ഒരുപാത്രം നി റയെ പാൽ. ഇതുകണ്ട ഉമ്മുമഅ്ബദ് അന്തംവിട്ടു നിന്നു. എല്ലാവ രും വയറു നിറയെ പാൽകുടിച്ചു. വീണ്ടും നബി ആടിനെ കറന്നു. പാത്രം നിറച്ചു ഉമ്മു മഅ്ബദിന് നൽകി. യാത്രതുടർന്നു.

ഖുബാഇൽ

മദീനക്കാർ പട്ടണത്തിനു പുറത്തുവന്ന് എന്നും നബിയുടെ ആ ഗമനം പ്രതീക്ഷിച്ചിരിപ്പാണ്. നബി (സ) എത്തിയ ദിവസം സന്തോ ഷ ഭരിതരായി, അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് അവരെ ത്തി. നബി മദീനക്കടുത്തുള്ള ഖുബാഅ് എന്ന സ്ഥലത്തിറങ്ങി. അ വിടെ നാലുനാൾ താമസിച്ചു. അവിടെ ഒരു പള്ളി പണിതു. ഇസ് ലാമിലെ ഒന്നാമത്തെ പള്ളി. അഞ്ചാം ദിവസം മദീനയിലേ ക്ക് തിരിച്ചു. നബി (സ) യെ സ്വീകരിക്കാനും, അദ്ദേഹത്തിന് ആദി ത്യമരുളാനും അൻസ്വാരികൾ മത്സരിച്ചു. അവർ ഒട്ടകത്തിന്റെ ക ടിഞ്ഞാൺ പിടിച്ചു. നന്ദിപൂർവ്വം നബി (സ) അവരോട് പറഞ്ഞു; അ തിനെ വിട്ടേക്കുക, അതിന് കൽപന ലഭിച്ചിട്ടുണ്ട്. അല്ലാഹു കൽ പിച്ച സ്ഥലത്തെത്തി, ഒട്ടകം മുട്ടുകുത്തി. നബി (സ) ഇറങ്ങിയില്ല. ഒട്ടകം എഴുന്നേറ്റ് അൽപം കൂടി മുന്നോട്ട് നടന്നു. തിരിഞ്ഞു നോ ക്കി, മടങ്ങി വന്നു. ആദ്യത്തെ സ്ഥാനത്തു തന്നെ വീണ്ടും മുട്ടുകു ത്തി. അതാണ് നബി (സ) യുടെ പള്ളി നിൽക്കുന്ന സ്ഥലം. അ ബു അയ്യൂബിൽ അൻസ്വാരിയുടെ വീട്ടിൽ നബി താമസിച്ചു. അലി മൂന്നു ദിവസം മക്കയിൽ തന്നെയായിരുന്നു. പിന്നീട് മദീനയി ലേക്ക് പുറപ്പെട്ടു. ഖുബാഇൽവച്ച് നബിയുമായി സന്ധിച്ചു.

മദീനയിൽ

ഒട്ടകം മുട്ടുകുത്തിയ സ്ഥലം അതിൻെറ ഉടമസ്ഥരിൽനിന്നും വിലക്കു വാങ്ങി. അവിടെ ഒരുപള്ളി പണിതു മുഹാജിറുകൾക്കും (മക്കയിൽ നിന്നും ഹിജ്റ വന്നവർ) അൻസ്വാരികൾക്കും (അവരെ സഹായിച്ച മദീനക്കാർ) ഇടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി. ഓരോ അൻസ്വാരിക്കും ഒരു മുഹാജിർ സഹോദരൻ. അവർ സമ്പത്ത് പങ്കുവച്ചു. സുഖസൗകര്യങ്ങൾ പങ്കുവച്ചു. മുഹാജിറുകളും അൻസ്വാരികളും ഒരുമിച്ച് ജോലിചെയ്യാൻ തുടങ്ങി. അവരുടെ സാഹോദര്യ ബന്ധം ശക്തമായി. ഖുറൈശികൾക്ക് യഥ്രിബിലെ ജൂതന്മാരുമായി ബന്ധങ്ങൾ ഉണ്ടായിരുന്നു. അവർ മുസ്ലിംകൾക്കിടയിൽ പ്രശ്നങ്ങളും, ഛിദ്രതയും ഇളക്കി വിടാൻ ശ്രമിച്ചു. ഖുറൈശികളും മുസ്ലിംകളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. കൊലവിളി തുടർന്നു. അപകടം മുസ്ലിംകളെ അകത്തുനിന്നും പുറത്തു നിന്നും വലയം ചെയ്തു. ആയുധം കൂടെയില്ലാതെ സ്വഹാബികൾക്ക് ഒരു രാത്രിപോലും ഉറങ്ങാൻ കഴിയാതായി. ഈ സങ്കീർണ്ണ ഘട്ടത്തിൽ അല്ലാഹു യുദ്ധത്തിനുള്ള അനുമതി നൽകി. നബി (സ) സൈനിക സംഘങ്ങളെ അയച്ചു തുടങ്ങി. ശത്രുവിൻെറ നീക്കങ്ങൾ മനസ്സിലാക്കാൻ വേണ്ടി. ഒരു സമ്മർദ്ദ തന്ത്രമെന്ന നിലക്ക് ഖുറൈശികളുടെ കച്ചവട സംഘത്തെ തടയാൻ വേണ്ടിയും. മുസ്ലിംകളുടെ ശക്തി മനസ്സിലാക്കി ശത്രു സന്ധിക്ക് വഴങ്ങുവാനും, ഇസ്ലാമിക പ്രബോധനത്തിനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കിട്ടാനുംവേണ്ടി.

മദീനയിലെ പലഗോത്രങ്ങളുമായി കരാറുകളും ഉണ്ടാക്കി.

യുദ്ധം,വിജയം

ഖുറൈശികളുടെ ഒരു കച്ചവട സംഘത്തെ തടയുവാൻ നബി (സ) തീരുമാനിച്ചു. 313 ആൾക്കാർ പുറപ്പെട്ടു. 2കുതിരയും 70 ഒട്ടകങ്ങളും. ഖുറൈശികളുടെ കച്ചവട സംഘത്തിലാകട്ടെ ആയിരം ഒട്ടകങ്ങളും. നേതാവ് അബൂസുഫ്യാൻ. കൂടെ നാൽപതു പുരുഷന്മാരും. മുസ്ലിംകളുടെ നീക്കം അബൂസുഫ്യാൻ അറിഞ്ഞു. ശഹായം അഭ്യർത്ഥിച്ചു കൊണ്ട് മക്കയിലേക്ക് വിവരം നൽകി. വഴി മാറി യാത്ര തുടർന്നു. മുസ്ലിംകൾക്ക് അവരെ കിട്ടിയില്ല.

ഖുറൈശികൾ ഒരു വലിയ സൈന്യവുമായി പുറപ്പെട്ടു. ആയിരം പടയാളികൾ. അബൂസുഫ്യാൻെറ ദൂതൻ മക്കയിലെത്തി. അദ്ദേഹം രക്ഷപ്പെട്ട വിവരം അറിയിച്ചു. സൈന്യത്തോട് മക്കയിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ടു. അബൂജഹ്ൽ മടങ്ങാൻ കൂട്ടാക്കിയില്ല. സൈന്യം ബദ്റിലേക്കുള്ള യാത്ര തുടർന്നു. ഖുറൈശികൾ പുറപ്പെട്ട വിവരം നബി (സ) അറിഞ്ഞു. സ്വഹാബികളുമായി കൂടിയാലോചനകൾ നടത്തി. കാഫിറുകളുമായി യുദ്ധംചെയ്യാൻ എല്ലാവരും ഉറച്ചു. ഹിജ്റ രണ്ടാം വർഷം റമദാൻ 17 വെള്ളിയാഴ്ച രാവിലെ രണ്ടു വിഭാഗവും ഏറ്റുമുട്ടി. പൊരിഞ്ഞ യുദ്ധം നടന്നു. സംഘട്ടനം മുസ്ലിംകളുടെ വിജയത്തിൽ കലാശിച്ചു. മുസ്ലിംകൾ പതിനാലുപേർ രക്തസാക്ഷികളായി. മുശ്രികുകൾ എഴുപതുപേർ കൊല്ലപ്പെട്ടു. മറ്റു പലരും തടവിലാക്കപ്പെട്ടു.

ഈ യുദ്ധവേളയിൽ പ്രവാചക പുത്രി -ഉഥ്മാൻ (റ) വിൻെറ ഭാര്യ- റുഖയ്യ മരിച്ചു. ഉഥ്മാൻ മദീനയിൽ തന്നെ ഉണ്ടായിരുന്നു. നബിയുടെ നിർദ്ദേശ പ്രകാരം രോഗിയായ ഭാര്യയുടെ അടുക്കൽ തന്നെ നിന്നു. യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് നബി (സ) തൻെറ പുത്രി സൈനബയെ ഉഥ്മാന് വിവാഹം ചെയ്തു കൊടുത്തു. അദ്ദേഹത്തിനൊരു സ്ഥാനപ്പേരും ലഭിച്ചു. ദുന്നൂറയ്നി. കാരണം അദ്ദേഹം പ്രവാചകൻെറ രണ്ടുപുത്രിമാരെ വിവാഹം ചെയ്തിരുന്നു.

യുദ്ധാനന്തരം ആനന്ദഭരിതരായി മുസ്ലിംകൾ മദീനയിൽ തിരിച്ചെത്തി. അല്ലാഹുവിൻെറ സഹായം അവർക്ക് കണക്കില്ലാത്ത വിധം ലഭ്യമായി. അവരുടെ കൂടെ തടവുപുള്ളികളും, യുദ്ധാനന്തര സ്വത്തുക്കളും ഉണ്ട്. തടവു പുള്ളികൾ ചിലർ പ്രായശ്ചിത്തം നൽകി മോചിതരായി. ചിലർ പ്രായശ്ചിത്തം ഒന്നുമില്ലാതെ വിട്ടയക്കപ്പെട്ടു. ചിലരുടെ പ്രായശ്ചിത്തം പത്തു മുസ്ലിം കുട്ടികൾക്ക് എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കലായിരുന്നു.

ബദ്റിനു ശേഷം മുസ്ലിംകളും ശത്രുക്കളും തമ്മിൽ യുദ്ധങ്ങൾ പലതും നടന്നു. രണ്ടാമത്തെ യുദ്ധം ഉഹ്ദ് ആയിരുന്നു. അതിൽ മുസ്ലിംകൾക്കായിരുന്നു ആദ്യവിജയം. പക്ഷെ, അവസാനം അവർ പരാജിതരായി. നബി (സ) യുടെ കൽപന ധിക്കരിച്ചതിനും, യുദ്ധതന്ത്രം തെറ്റിച്ചതിനുമുള്ള തിക്തഫലം. ഉഹ്ദിൽ മക്കക്കാർ മൂവ്വായിരം പേർ പങ്കെടുത്തു. മുസ്ലിം സൈന്യം

എഴുനൂറോളം പേർ മാത്രം. ഈ യുദ്ധത്തിനു ശേഷം മദീനയിലെ ചില ജൂതന്മാർ മക്കക്കാരെ സമീപിച്ചു. മുസ്‌ലിംകളോട് ഏറ്റുമുട്ടാൻ പ്രേരിപ്പിച്ചു. അവർക്ക് മദീനക്കകത്തു നിന്ന് പിന്തുണയും സഹായവും വാഗ്ദാനം ചെയ്തു. ഖുറൈശികൾ അതു സമ്മതിച്ചു. മറ്റുചില ചെറിയ ഗോത്രങ്ങളെയും ജൂതന്മാർ സമീപിച്ചു. അവരും സമ്മതിച്ചു. മുശ്‌രികുകളുടെ സഖ്യ സൈന്യം മദീനയെ ലക്ഷ്യമാക്കി നീങ്ങി. ഏകദേശം പതിനായിരം പടയാളികൾ ഒരുമിച്ചുകൂടി. ശത്രുക്കളുടെ നീക്കം നബി (സ) അറിഞ്ഞിരുന്നു. സ്വഹാബികളുമായി കൂടിയാലോചന നടത്തി. ഒരു പുതിയ തന്ത്രം ഉരുത്തിരിഞ്ഞുവന്നു. സൽമാനുൽ ഫാരിസി തൻെറ നിർദ്ദേശം മുന്നോട്ടുവച്ചു. മദീനയുടെ മലകളില്ലാത്ത അതിർത്തിയിൽ ഖന്തക് (കിടങ്ങ്) കുഴിക്കുക. മുസ്‌ലിംകളെല്ലാം ജോലിയിൽ വ്യാപൃതരായി. എത്രയുംവേഗം പണി പൂർത്തിയായി. ഖന്തക് മുറിച്ചു കടക്കാൻ കഴിയാതെ ശത്രുക്കൾ ഒരുമാസം നിന്നു. അല്ലാഹുവിൻെറ ശിക്ഷ ഒരു കൊടുങ്കാറ്റായി മുശ്‌രികുകൾക്ക് വന്നു. അവരുടെ തമ്പുകൾ കടപുഴകി. ഭയം ഉള്ളിൽ കടന്ന അവർ വേഗം സ്വന്തം നാടുകളിലേക്ക് മടങ്ങി.

മക്കാവിജയം

ഹിജ്റ എട്ടാം വർഷം മക്ക കീഴടക്കാൻ പ്രവാചകൻ (സ) തീരുമാനിച്ചു. റമദാൻ പത്തിന് പതിനായിരം സൈനികരെയും കൊണ്ട് മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ പ്രവേശിച്ചത് പറയത്തക്ക ഏറ്റുമുട്ടലുകളൊന്നും കൂടാതെയായിരുന്നു. മുസ്‌ലിംകളെ അല്ലാഹു സഹായിച്ചു. ഖുറൈശികൾ അടിയറവ് പറഞ്ഞു. പ്രവാചകൻ (സ) മസ്ജിദുൽ ഹറാമിലേക്ക് പോയി. കഅ്ബയെ ത്വവാഫ് ചെയ്തു. കഅ്ബക്കുള്ളിൽ കയറി, രണ്ടു റക്അത്ത് നമസ്കരിച്ചു. തുടർന്ന് അതിനകത്തുണ്ടായിരുന്ന എല്ലാ വിഗ്രഹങ്ങളും തകർത്തു. വിഗ്രഹാരാധനയുടെ കണ്ഠകോടാലിയായിരുന്ന ഇബ്റാഹീം നബിയുടെ വിഗ്രഹവും അക്കൂട്ടത്തിലുണ്ടായിരുന്നു. കഅ്ബയുടെ കവാടത്തിൽ പ്രവാചകൻ നിൽപുറപ്പിച്ചു. ഖുറൈശികൾ പള്ളിയിൽ അണിയായി നിൽക്കുന്നു. തങ്ങളെ മുഹമ്മദ് എന്തു ചെയ്യാൻ പോകുന്നു എന്നറിയാതെ ആകാംക്ഷാ ഭരിതരായി

നോക്കുന്നു. നബി (സ) ചോദിച്ചു: ഖുറൈശികളേ, ഞാൻ നിങ്ങളെ എന്തു ചെയ്യുമെന്നാണ് നിങ്ങളുടെ അഭിപ്രായം? അവർ പറഞ്ഞു: നല്ലതു മാത്രം, താങ്കൾ ഒരു മാന്യസഹോദരൻ, ഞങ്ങളുടെ ഒരു മാന്യസഹോദരന്റെ മകൻ. നബി (സ) പറഞ്ഞു: നിങ്ങളുടെ മേൽ ഇന്ന് യാതൊരു പ്രതികാര നടപടിയും ഇല്ല. നിങ്ങൾക്ക് പോകാം, നിങ്ങൾ പൂർണ്ണ സ്വതന്ത്രരാണ്. തന്നെ പീഢിപ്പിച്ച, തന്റെ സ്വഹാബികളെ വധിച്ച, അവരെ ഉപദ്രവിച്ച, ജനിച്ച നാട്ടിൽ നിന്നും ആട്ടിപ്പുറത്താക്കിയ ശത്രു. അവർക്കെല്ലാം പൊതുമാപ്പ് നൽകിയ പ്രവാചകൻ ആ രംഗത്ത് നിത്യ മാതൃകയായി.

ഹജ്ജത്തുൽ വിദാഅ്

മക്കാവിജയത്തിനു ശേഷം ജനങ്ങൾ ഇസ്‌ലാമിലേക്ക് കൂട്ടം കൂട്ടമായി വന്നു. ഹിജ്റ പത്താം വർഷം നബി (സ) ഹജ്ജ് നിർവ്വഹിച്ചു. പ്രവാചകന്റെ ആദ്യത്തെയും അവസാനത്തെയും ഹജ്ജ്. അദ്ദേഹത്തിന്റെ കൂടെ ലക്ഷത്തിൽപരം മുസ്‌ലിംകൾ ഹജ്ജ് ചെയ്തു. അറഫായിൽ വച്ച് പ്രവാചകൻ (സ) തന്റെ വിടവാങ്ങൽ പ്രസംഗം നടത്തി. മാനവ ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രഖ്യാപനം. അതിങ്ങനെ സംഗ്രഹിക്കാം:

ജനങ്ങളേ, ശ്രദ്ധിച്ചു കേൾക്കുക. ഈ സ്ഥലത്തു വച്ച് അടുത്ത വർഷം നിങ്ങളെ കണ്ടുമുട്ടാൻ കഴിയുമോ എന്നെനിക്കറിയില്ല. നിശ്ചയം, നിങ്ങളുടെ ജീവനും സമ്പത്തും പവിത്രമാണ്. ഈ രാജ്യത്തിന്റെയും, ഈ മാസത്തിന്റെയും ഈ ദിനത്തിന്റെയും പവിത്രത പോലെ തന്നെ. അറിയുക, എല്ലാ ജാഹിലിയ്യത്തുമിതാ എന്റെ കാൽചുവട്ടിലാക്കപ്പെട്ടിരിക്കുന്നു. ജാഹിലിയ്യത്തിലെ രക്തപ്പകകൾ ദുർബലപ്പെടുത്തിയിരിക്കുന്നു. ആദ്യമായി ദുർബലപ്പെടുത്തുന്നത് റബീഅതു ബ്നു ഹാരിഥിന്റെ മകന്റെ രക്തപ്പകയാണ്. *അദ്ദേഹം ബനു സഅ്ദ് ഗോത്രത്തിൽനിന്നും മുലകുടിച്ച ആളും, മുലകുടിയിലൂടെ നബി (സ്വ) യുടെ സഹോദരനും ആയിരുന്നു. അദ്ദേഹത്തെ ഹുദൈൽ ഗോത്രക്കാർ കൊന്നു.* ജാഹിലിയ്യത്തിലെ പലിശയും ദുർബലമാക്കുന്നു. അബ്ദിൽ മുത്വലിബിന്റെ മകൻ അബ്ബാസിന്റെ പലിശയാണ് ആദ്യമായി ദുർബലപ്പെടുത്തുന്നത്.

സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിൻെറ ഉത്തരവാദിത്വത്തിലാണ് നിങ്ങൾ അവരെ സ്വീകരിച്ചിട്ടുള്ളത്. അല്ലാഹുവിൻെറ വചനം കൊണ്ടാണ് അവരുടെ ഗുഹ്യാവയവങ്ങൾ നിങ്ങൾക്ക് അനുവദനീയമായിട്ടുള്ളത്. അവർക്ക് നിങ്ങളോട് ബാദ്ധ്യതകളുണ്ട്. നിങ്ങൾ വെറുക്കുന്ന ഒരാളെയും അവൾ നിങ്ങളുടെ വിരിപ്പിലേക്ക് (വീട്ടിലേക്ക്) അടുപ്പിക്കരുത്. അങ്ങനെ അവർ ചെയ്താൽ, മുറിവാകാത്ത വിധം നിങ്ങൾക്ക് അവരെ അടിക്കാം. അവർക്ക് മാന്യമായ നിലക്ക് ഭക്ഷണവും, വസ്ത്രവും നൽകൽ നിങ്ങളുടെ കടമയാണ്.

മുറുകെ പിടിക്കുന്നേടത്തോളം കാലം നിങ്ങൾ വഴിപിഴച്ചു പോകാത്ത രണ്ടു കാര്യങ്ങൾ ഞാനിതാ നിങ്ങളിൽ ഉപേക്ഷിച്ചു പോകുന്നു. അല്ലാഹുവിൻെറ കിതാബും, പ്രവാചകൻെറ ചര്യയും.

ജനങ്ങളേ, എനിക്കു ശേഷം പ്രവാചകനില്ല. നിങ്ങൾക്കു ശേഷം ഒരു സമുദായമില്ല. നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുക, അഞ്ചുനേരം നമസ്കരിക്കുക, റമദാനിൽ നോമ്പനുഷ്ടിക്കുക, നിങ്ങളുടെ സമ്പത്തിൻെറ സകാത് നൽകുക, നിങ്ങളുടെ ആത്മ ശുദ്ധീകരണാർത്ഥം. നിങ്ങളുടെ നാഥൻെറ ഭവനത്തിലേക്ക് നിങ്ങൾ തീർത്ഥാടനം നടത്തുക., നിങ്ങളുടെ നേതാക്കളെ നിങ്ങൾ അനുസരിക്കുക, എന്നാൽ നിങ്ങൾക്ക് നാഥൻെറ സ്വർഗ്ഗത്തിൽ പ്രവേശി ക്കാം.

എന്നെകുറിച്ച് നിങ്ങൾ ചോദിക്കപ്പെടും. അപ്പോൾ നിങ്ങളെന്തു പറയും? സ്വഹാബികൾ പറഞ്ഞു: താങ്കൾ ഗുണകാംക്ഷ കാണിച്ചു, ദൗത്യം നിർവ്വഹിച്ചു, എല്ലാം ഞങ്ങൾക്ക് എത്തിച്ചുതന്നു എന്നതിന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. തൻെറ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് പ്രവാചകൻ (സ) മൂന്നു പ്രാവശ്യം പറഞ്ഞു; “അല്ലാഹുവേ നീ സാക്ഷി”.

പ്രസംഗം അവസാനിച്ചു. ദൈവിക വചനം ഇറങ്ങി:

﴿ اليوم أكملت لكم دينكم وأتممت عليكم نعمتي ورضيت لكم الإسلام دينا﴾ (المائدة:٣)

ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെമതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ

ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു. (മാഇദ-3)

പ്രസംഗം അവസാനിച്ചപ്പോൾ ഉമർ കരഞ്ഞു. അദ്ദേഹത്തോട് ചോദിക്കപ്പെട്ടു, എന്തുപറ്റി ഉമറേ? ഉമർ പറഞ്ഞു; പൂർണ്ണതക്കു ശേഷം അപൂർണ്ണതയല്ലേ ഉണ്ടാകുകയുള്ളൂ.

ഹജ്ജ് കഴിഞ്ഞു പ്രവാചകൻ മദീനയിലേക്ക് മടങ്ങി.

മരണം

ഏകദേശം രണ്ടരമാസം കഴിഞ്ഞപ്പോൾ നബി (സ)ക്ക് രോഗം ബാധിച്ചു. ദിനേനയെന്നോണം രോഗം മൂർഛിച്ചു. നമസ്കാരത്തിൽ ജനങ്ങൾക്ക് നേതൃത്വം നൽകാൻ പോലും വയ്യാതായി. അപ്പോൾ അബൂബകറിനോട് നേതൃത്വം നൽകാൻ നിർദ്ദേശിച്ചു. ഹിജ്റ പതിനൊന്നാം വർഷം റബീഉൽ അവ്വൽ പന്ത്രണ്ട്, തിങ്കളാഴ്ച പ്രവാചകൻ (സ) പരലോകം പൂകി. നബിക്ക് അറുപത്തിമൂന്ന് വയസ്സായിരുന്നു അന്ന്. വാർത്ത സ്വഹാബികൾക്കിടയിൽ കാട്ടുതീ പോലെ പരന്നു. പലർക്കും സ്വബോധം നഷ്ടപ്പെട്ടു. ചിലർ വാർത്ത വിശ്വസിച്ചില്ല. അബൂബകർ മിമ്പറിൽ കയറി പ്രസംഗം ആരംഭിച്ചു. ജനങ്ങളെ അദ്ദേഹം സമാശ്വസിപ്പിച്ചു. ആദ്ദേഹം അവരോട് പറഞ്ഞു: പ്രവാചകൻ മനുഷ്യനാണ്. മറ്റു മനുഷ്യരെപ്പോലെ പ്രവാചകനും മരിക്കും. ഇതുകേട്ട ജനങ്ങൾ ശാന്തരായി. പലർക്കും സ്വബോധം തിരിച്ചു കിട്ടി. പ്രവാചകൻെറ ജനാസ കുളിപ്പിച്ചു. കഫൻ ചെയ്തു, മുസ്ലിംകൾ ഇമാമില്ലാതെ ഓരോരുത്തരായി ജനാസ നമസ്കരിച്ചു. മറവ് ചെയ്തു.

മുസ്ലിംകൾ അബൂബകറിനെ അവരുടെ ഖലീഫയായി തെരഞ്ഞെടുത്തു. അദ്ദേഹമാണ് ഖുലഫാഉർ-റാഷിദുകളിൽ പ്രഥമൻ. നബി (സ) മക്കയിൽ പ്രവാചകത്വത്തിനു മുമ്പ് നാൽപതുവർഷവും, ശേഷം പതിമൂന്ന് വർഷവും താമസിച്ചു. മദീനയിൽ പത്തു വർഷവും.

നബിയുടെ സ്വഭാവങ്ങൾ

പ്രവാചകൻ അപാര ധൈര്യവാനായിരുന്നു. അലി (റ) പറയുന്നു: യുദ്ധം ശക്തമാകുമ്പോൾ, ശത്രുവുമായി ഏറ്റുമുട്ടുമ്പോൾ നബി (സ) നായകത്വം ഏറ്റെടുക്കും. വളരെ ഔദാര്യവാനായിരുന്നു.

ഒരാളും നബിയോട് ഒരുവസ്തു ചോദിച്ചിട്ട്; നബി 'ഇല്ല' എന്ന് പറഞ്ഞിട്ടില്ല. അങ്ങേയറ്റത്തെ വിവേകിയായിരുന്നു. സ്വന്തം കാര്യത്തിന് ഒരാളെ ശിക്ഷിക്കുകയോ, കോപിക്കുകയോ ചെയ്തിരുന്നില്ല. ദൈവീക ആദരവുകൾ പിച്ചിച്ചീന്തപ്പെട്ടപ്പോളല്ലാതെ. അത് അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള ശിക്ഷയായിരുന്നു.

ബന്ധുവും അകന്നവനും ശക്തനും അശക്തനും നബി (സ) യുടെ അടുക്കൽ അവകാശത്തിൽ തുല്യരായിരുന്നു. ഒരാൾക്കും മറ്റൊരാളെക്കാൾ യാതൊരു ശ്രേഷ്ഠതയുമില്ല, ധർമ്മനിഷ്ഠയിലല്ലാതെ, മനുഷ്യരെല്ലാം സമന്മാർ എന്നദ്ദേഹം ഉറപ്പ് വരുത്തി. മുൻ സമുദായങ്ങളിൽ മാന്യൻ മോഷ്ടിച്ചാൽ വെറുതെ വിടും, അശക്തൻ മോഷ്ടിച്ചാൽ ശിക്ഷിക്കപ്പെടും. ഇതാണവരെ നശിപ്പിച്ചതും. അദ്ദേഹം പ്രഖ്യാപിച്ചു: മുഹമ്മദിൻെറ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ, അവളുടെകയ്യും ഞാൻ വെട്ടും.

ഭക്ഷണത്തിന് കുറ്റംപറഞ്ഞിരുന്നില്ല. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കും, ഇല്ലെങ്കിൽ വേണ്ടെന്ന് വക്കും. മുഹമ്മമ്മദ് (സ) ൻെറ വീട്ടിൽ രണ്ടും മൂന്നും മാസം തുടർച്ചയായി അടുപ്പിൽ തീ എരിയാത്ത ദിവസങ്ങൾ കടന്നു പോയിട്ടുണ്ട്. ഉണങ്ങിയ ഒരു കാരക്കയും പച്ചവെള്ളവുമായിരുന്നു അന്നത്തെ ഭക്ഷണം. വിശപ്പിൻെറ കാഠിന്യത്താൽ വയറിൽ കല്ലു വച്ചുകെട്ടി ജീവിച്ചിട്ടുണ്ട്. ചെരുപ്പ് നന്നാക്കിയിരുന്നു, കീറിയ വസ്ത്രം തുന്നിയിരുന്നു. വീട്ടുജോലികളിൽ വീട്ടുകാരിയെ സഹായിച്ചിരുന്നു. രോഗികളെ സന്ദർശിച്ചിരുന്നു. വിനയത്തിൻെറ നിറകുടമായിരുന്നു. ആരു ക്ഷണിച്ചാലും ക്ഷണം സ്വീകരിക്കും. ധനിക, ദരിദ്ര വ്യത്യാസമന്യെ. അഗതികളെ സ്നേഹിച്ചിരുന്നു. അവരുടെ കൂട്ടത്തിലെ രോഗികളെ സന്ദർശിക്കുക, അവരുടെ ജനാസയിൽ പങ്കെടുക്കുക എന്നിവ പതിവാക്കിയിരുന്നു. ഒരാളെയും അയാളുടെ ദാരിദ്ര്യം നിമിത്തം അവഗണിച്ചിരുന്നില്ല. ഒരു ഭരണാധികാരിയെയും അയാളുടെ അധികാരം നിമിത്തം ഭയപ്പെട്ടിരുന്നില്ല. കുതിര, ഒട്ടകം, കഴുത, കോവർ കഴുത ഇവയെല്ലാം വാഹനമായി ഉപയോഗിച്ചിരുന്നു.

അധികവും പുഞ്ചിരിക്കുന്ന ആളായിരുന്നു. ദുഃഖവും വിഷമവുമെല്ലാം നേരിട്ടപ്പോളും പ്രസന്ന വദനനായിരുന്നു. സുഗന്ധം ഇഷ്ടപ്പെട്ടിരുന്നു. മോശപ്പെട്ട വാസനകൾ വെറുത്തിരുന്നു. എല്ലാ സൽസ്വഭാവങ്ങളും സൽപ്രവൃത്തികളും അദ്ദേഹത്തിൽ സമ്മേളിച്ചി

രുന്നു. ലോകത്ത് ഒരാൾക്കും ലഭിക്കാത്ത അറിവ് അല്ലാഹു അദ്ദേഹത്തിനു നൽകി. എന്നാലും അദ്ദേഹം നിരക്ഷരനായിരുന്നു. മനുഷ്യ സമൂഹത്തിൽ അദ്ദേഹത്തിന് ഒരു ഗുരുനാഥനില്ല. അല്ലാഹുവിൽ നിന്നാണ് ഖുർആൻ കൊണ്ടുവന്നത്. അതിൽ അല്ലാഹു പറഞ്ഞു:

﴿ قل لئن اجتمعت الإنس والجن على أن يأتوا بمثل هذا القرآن لا يأتون بمثله ولو كان بعضهم لبعض ظهيرا ﴾ (الإسراء:٨٨)

(നബിയേ) പറയുക, ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചു ചേർന്നാലും തീർച്ചയായും അതു പോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും. (വി.ഖു-17:88)

ഇത് മുഹെമ്മദ് എഴുതിയുണ്ടാക്കിയതാണ്, അവൻ സ്വയം പഠിച്ചതാണ്, മറ്റു പലരിൽനിന്നും വായിച്ചു മനസ്സിലാക്കിയതാണ് എന്ന് നിഷേധികൾക്ക് പറയുവാനുള്ള അവസരം നൽകാത്ത വിധം നിരക്ഷരനായി വളർന്നു.

അമാനുഷിക സംഭവങ്ങൾ

അദ്ദേഹത്തിന്റെ ഏറ്റവും വലിയ അമാനുഷിക ദൃഷ്ടാന്തം ഖുർആൻ തന്നെ. സർവ്വ സാഹിത്യകാരന്മാരും അതിന്റെ മുമ്പിൽ പരാജിതരായി. ഇതു പോലെ പത്ത് അദ്ധ്യായം, വേണ്ട ഒരദ്ധ്യായം, അതും വേണ്ട ഒരുവാക്യം കൊണ്ടു വരുവാൻ അല്ലാഹു വെല്ലുവിളിച്ചു. മുശ്രികുകൾ പരാജയം സമ്മതിച്ചു. അല്ലാഹുവിന്റെ വെല്ലുവിളി ഇന്നും അവശേഷിക്കുന്നു. ബഹുദൈവ വാദികൾ അദ്ദേഹത്തോട് ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടു. ചന്ദ്രൻ പിളർത്തി കാണിച്ചു കൊടുത്തു. കൈവിരലുകൾക്കിടയിൽ നിന്നും പലവട്ടം ജലം ഉറവയായി വന്നു. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ഒരു കല്ല് തസ്ബീഹ് ചൊല്ലി. പിന്നീട് ആ കല്ല് അബൂബകറിന്റെയും ഉമറിന്റെയും ഉഥ്മാന്റെയും കൈകളിൽ വച്ചപ്പോളും തസ്ബീഹ് ചൊല്ലി. നബി ഭക്ഷിച്ചു കൊണ്ടിരുന്ന ഭക്ഷണം തസ്ബീഹ് ചൊല്ലുന്നത് അവർ കേട്ടു. പ്രവാചകനായ രാത്രിയിൽ കല്ലും മരങ്ങളും

അദ്ദേഹത്തോട് സലാം പറഞ്ഞു. നബിയെ കൊല്ലാൻ വേണ്ടി ഒരു ജൂതസ്ത്രീ സമ്മാനിച്ച വിഷം പുരട്ടിയ ആട്ടിൻകാൽ അദ്ദേഹത്തോട് സംസാരിച്ചു. ഒരു ഗ്രാമീണൻ വന്നു നബിയോട് ദൃഷ്ടാന്തം ആവശ്യപ്പെട്ടു. അപ്പോൾ നബി ഒരു മരത്തോട് അടുത്തു വരാൻ കൽപിച്ചു. മരം അടുത്തു വന്നു. തിരിച്ചു പോകാൻ കൽപിച്ചപ്പോൾ യഥാസ്ഥാനത്തേക്ക് തിരിച്ചുപോയി. പാലില്ലാത്ത അകിട് തടവി, അതിൽ പാൽ നിറഞ്ഞു. കറന്നെടുത്തു കുടിച്ചു, അബൂബകറിനും നൽകി. അലിയുടെ കണ്ണിന് സുഖക്കേട് ബാധിച്ചപ്പോൾ കണ്ണിൽ തുപ്പി, തൽക്ഷണം സുഖപ്പെട്ടു. മുറിവ് പറ്റിയ സ്വഹാബിയുടെ കാലിൽ ഒരൊറ്റ തടവൽ കൊണ്ട് സുഖപ്പെടുത്തി.

അനസുബ്നു മാലികിന് ദീർഘായുസും, സന്താന, സാമ്പത്തിക സൗഭാഗ്യവും അനുഗ്രഹങ്ങളും ലഭിക്കാൻ പ്രാർത്ഥിച്ചു. അനസിന് നൂറ്റിരുപത്/120 സന്താനങ്ങളുണ്ടായി. എല്ലാ ഈത്തപ്പനയും വർഷത്തിൽ ഒരു പ്രാവശ്യം ഫലം കായിച്ചപ്പോൾ, അനസിൻെറ ഈത്തപ്പന മാത്രം വർഷത്തിൽ രണ്ടുപ്രാവശ്യം കായിച്ചു. അനസ് 120 വയസ്സു വരെ ജീവിച്ചു. ഒരാൾ വരൾച്ചയെ കുറിച്ച് ആവലാതി പറഞ്ഞു. നബി (സ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. മാനത്ത് മഴക്കാറിൻെറ ഒരുചീന്തു പോലുമില്ലായിരുന്നു. മലകണക്കെ മേഘം ഉരുണ്ടു കൂടി. അടുത്ത വെള്ളിയാഴ്ച വരെ കനത്ത മഴ പെയ്തു. അപ്പോൾ പേമാരിയെ കുറിച്ചായി പരാതി. അവിടുന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. മഴനിലച്ചു. വെയിലത്തിറങ്ങി അവർ നടന്നു.

ഖന്തഖിലെ ആയിരക്കണക്കിന് ജോലിക്കാർക്ക് ഒരുസാഅ് ഗോതമ്പും ഒരാടും കൊണ്ട് ഭക്ഷണം നൽകി. അവരെല്ലാവരും വയർ നിറച്ചു തിന്നിട്ടും ഭക്ഷണത്തിൽ യാതൊരു കുറവും കാണപ്പെട്ടില്ല. ബഷീറുബ്നു സഅദിൻെറ മകൾ ഉപ്പാക്കും അമ്മാവനും കൊണ്ടുവന്ന അൽപം കാരക്ക കൊണ്ട് ഖന്തഖിലെ മുഴുവൻ ആൾക്കാർക്കും തിന്നാൻ കൊടുത്തു. അബൂഹുറയ്റയുടെ ഭക്ഷണപ്പൊതി കൊണ്ട് ഒരുവലിയ സൈന്യത്തിനു ഭക്ഷണം നൽകി. തന്നെ വധിക്കാൻ കാത്തിരുന്ന ശതക്കണക്കിനു ഖുറൈശികളുടെ മുഖത്ത് ഒരുപിടി മണ്ണ് വാരിയെറിഞ്ഞ് അദ്ദേഹം നടന്നുപോയി. ആരും അദ്ദേഹത്തെ കണ്ടതു പോലുമില്ല. കൊല്ലുവാൻ വേണ്ടി സുറാഖതുബ്നു മാലിക് നബിയെ പിൻതുടർന്നു. നബിയുടെ

സമീപത്തെത്തി. നബി (സ) സുറാഖതിനെതിരെ പ്രാർത്ഥിച്ചു. സുറാഖതിൻെറ കുതിരയുടെ കാലുകൾ മണലിൽ പൂണ്ടുപോയി.